# ജൂനിയർ സൊഡാലിററി ഗൈഡ്

.10
87

K10
J87

R. Kallingal

P 3

# ജൂനിയർ സൊഡാലിററി ഗൈഡ്

DHARMARAM COLLEGE LIBRARY BANGALORE
14968
N 9

*Translated with kind permission of the publishers.*
*from*
*"Junior Sodality Handbook"—A Queen's Work Publication.*

ഖിവിധ
ട്ടുള്ള പ
ഇതിൽ

Presented by Rev. L. Abelius, c.m.i.
18-1-1963.

*വിവർത്തനം:*

**ആർ. കല്ലിങ്ങൽ**

വില: 35 ന.പ.

ഒന്നാംപതിപ്പ്  ഒക്ടോബർ 3
കോപ്പി 1000  1962

*Nihil Obstat*

Parappur, 2—3—'62.  FR. J. CHEMMANOOR

*Imprimatur:-*

Trichur, 5—3—'62.  † G. C. [illegible]
Bp. OF [illegible]

*PRINTED AT*

THE UNION PRESS, MARIAPURAM, TRICHUR.

# രണ്ടു വാക്ക്

★

ജൂനിയർ സൊഡാലിററി എന്തെന്നും, എങ്ങനെ സ്ഥാപിക്കാമെന്നും, ഫലദായകമായ അതിൻെറ ലക്ഷ്യപ്രാപ്തിക്ക് എന്തെല്ലാം ചെയ്യണമെന്നും വിവരിക്കുന്നതാണ് ഈ ചെറുപുസ്തകം. ഇതിൽ പറയുന്ന എല്ലാ കാര്യങ്ങളും ചെയ്തെങ്കിലേ ഒരു സഖ്യത നല്ലതാകയുള്ളു എന്നു കരുതരുത്. ഉത്തമരായ ചുരുങ്ങിയ എണ്ണം അംഗങ്ങൾ കൊണ്ടു് ആരംഭിച്ച്, ശരിയായ ശിക്ഷണത്തിൽ അവരെ വളർത്തിയെടുക്കുന്നതായിരിക്കും വളരെപ്പേരെ ഒന്നിച്ചുചേർത്ത് പരിശീലനം നൽകാൻ സാധിക്കാതെ വരുന്നതിൽ ഭേദം. ഇതിലെ ആശയങ്ങൾക്കുള്ള കടപ്പാട് നിരവധി പേരോടാണ്. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ ജൂനിയർ സൊഡാലിററിക്കാർ പ്ലാൻ ചെയ്തിട്ടുള്ള പദ്ധതികളും നിവർത്തിച്ചിട്ടുള്ള പ്രവർത്തനങ്ങളും മാത്രമേ ഇതിൽ രേഖപ്പെടുത്തീട്ടുള്ളു. അവർക്കെല്ലാം ഹൃദയംഗമമായ നന്ദി.

— ആർ. കല്ലിങ്ങൽ.

# വിഷയവിവരം

★


| | | | പേജ് |
|---|---|---|---|
| 1. | മരിയാസഖ്യം എന്ത്? | .... | 1 |
| 2. | സഖ്യത്തിന്റെ യഥാർത്ഥ ചിത്രം | .... | 2 |
| 3. | പ്രതിഷ്ഠാകർമ്മം | .... | 4 |
| 4. | റോമിൽനിന്നുള്ള മാർഗ്ഗനിർദ്ദേശിക | .... | 5 |
| 5. | സംക്ഷിപ്തമായ ഒരു പ്ലാൻ | .... | 8 |
| 6. | സഖ്യത്തിന്റെ വിശ്വരൂപം | .... | 9 |
| 7. | ശ്രദ്ധേയമായ ചില വസ്തുതകൾ | .... | 9 |
| 8. | ഭാരവാഹികളും ജോലികളും | .... | 11 |
| 9. | സഖ്യതാസ്ഥാപനക്രമം | .... | 14 |
| 10. | സമ്മേളനങ്ങൾ | .... | 19 |
| 11. | മീററിങ്ങുകളിൽ ചെയ്യാവുന്നവ. | .... | 21 |
| 12. | പ്രതിഷ്ഠ എങ്ങനെ പഠിപ്പിക്കാം? | .... | 25 |
| 13. | വിജയകരമായ പ്രോജക്ററുകൾ | .... | 29 |
| 14. | കമ്മിററികൾ | .... | 37 |
| 15. | ജൂനിയർ സൊഡാലിററി യൂണിയൻ | .... | 41 |

# ജൂനിയർ സൊഡാലിററി ഗൈഡ്

## 1. മരിയാസഖ്യം എന്തു്?

പരിശുദ്ധ കന്യകാമറിയത്തിനു് സ്വയം പ്രതിഷ്ഠിച്ചുകൊണ്ടു്, സ്വന്ത പുണ്യപൂർണ്ണതയ്ക്കും അയൽവാസികളുടെ രക്ഷയ്ക്കും തിരുസഭയുടെ സംരക്ഷണത്തിനും വേണ്ടി യത്നിക്കുന്നവർക്കായി ഈശോസഭക്കാരാൽ സ്ഥാപിതവും തിരുസഭയാൽ അംഗീകൃതവുമായ മതപരമായ ഒരു സംഘടനയാകുന്നു മരിയാസഖ്യം.

12-ാം പിയൂസ് മാർപ്പാപ്പയുടെ വാക്കുകളിൽ:–

1. "ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ പ്രേരണയിലും പ്രചോദനത്തിലുമുള്ള കത്തോലിക്കാപ്രവർത്തനം."

2. "ഒരു ജീവിതമാർഗ്ഗം."

3. "പുണ്യസമ്പാദനത്തിനും പ്രേഷിതപ്രവർത്തനത്തിനുമുള്ള വിദ്യാലയം."

4. "കത്തോലിക്കാതത്വങ്ങൾ പ്രചരിപ്പിക്കുവാനും സംരക്ഷിക്കുവാനും ബഹിർപ്രകാശിപ്പിക്കുവാനും നിലകൊള്ളുന്ന ശക്തികളിൽ ഏററം ബലിഷ്ഠമായ ഒരു സംഘടന."

5. "നിയമാവലിയാൽ നിർദ്ദിഷ്ടമായ ഒരു ഉത്കൃഷ്ട കർമ്മപരിപാടി അതിനുണ്ടു്."

### നിയമാവലി

താഴെ പറയുന്നവിധം സഖ്യതാനിയമാവലി സമാഹരിക്കാവുന്നതാണു്.

1. സഖ്യാംഗങ്ങൾ തങ്ങളെത്തന്നെ ഭാഗ്യപ്പെട്ട കന്യകാമറിയത്തിനു് പ്രതിഷ്ഠിക്കുന്നു.

2. കന്യകാമറിയത്തിൻെറ സഹായത്തോടെ അവർ (a) സ്വയ വിശുദ്ധീകരണത്തിനും, (b) അയൽവാസികളുടെ രക്ഷയ്ക്കും, (c) തിരുസഭാസംരക്ഷണത്തിനും വേണ്ടി യത്നിക്കണം.

# 2. സഖ്യതയുടെ യഥാർത്ഥ ചിത്രം

കൂടുതൽ പ്രാധാന്യമുള്ള 25 നിയമങ്ങളിൽനിന്നു് സഖ്യതയുടെ വിശദരൂപം ദർശിക്കാവുന്നതാണു്.

1. * ദൈവമാതാവിനു് സ്വയം പ്രതിഷ്ഠിച്ചു് സ്വന്ത പുണ്യപൂർണ്ണതയ്ക്കും അയൽവാസികളുടെ രക്ഷയ്ക്കും തിരുസഭയുടെ സംരക്ഷണത്തിനും വേണ്ടി ദൃഢവ്രതം ചെയ്തിരിക്കുന്ന വിശ്വാസികൾക്കായി ഈശോസഭയാൽ സ്ഥാപിതവും പരിശുദ്ധ സിംഹാസനത്താൽ അംഗീകൃതവുമായ മതപരമായ ഒരു സംഘടനയാകുന്നു മരിയാസഖ്യം.

2. നിയമാനുസൃതമായ അധികാരികളാൽ അതു് സ്ഥാപിക്കപ്പെടുകയും സംയോജിപ്പിക്കപ്പെടുകയും ചെയ്യുന്നു.

3. ഭാഗ്യപ്പെട്ട കന്യകാമറിയമാണു് അതിൻെറ പ്രധാന മദ്ധ്യസ്ഥ.

4. തക്ക യോഗ്യതയുള്ള ഏതൊരു കത്തോലിക്കനും അതിൻെറ അംഗമാകാം.

5. ആഴ്ചയിലൊരിക്കലെങ്കിലും സമ്മേളനം നടത്തുന്നു.

8. മാസത്തിലൊരിക്കൽ പൊതു ദി. കാ. സ്വീകരണം നടത്തുന്നു.

---

*N. B. അടയാളങ്ങളുടെ അർത്ഥം:*

* = 6 സർവ്വപ്രധാന നിയമങ്ങൾ (The Big Six)

— = 14 മൗലിക നിയമങ്ങൾ.

9. പ്രതിവർഷം (നിവൃത്തിയുണ്ടെങ്കിൽ, ഏകാന്ത) ധ്യാനം കഴിക്കുന്നു.

10. ആണ്ടിൽ സൗകര്യമുള്ള ഒരു സമയത്തു് നാമകരണത്തിരുനാറം ആഘോഷിക്കുന്നു.

12. ലക്ഷ്യപ്രാപ്തിക്കു് ഉപയുക്തങ്ങളായ ഉപാധികളുണ്ടു്.

13. വിവിധ പ്രവൎത്തനങ്ങൾക്കു് അതതിന്റെ വിഭാഗങ്ങൾ ഉണ്ടു്.

23. അംഗത്വം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നു.

24. നിശ്ചിത കാലാവധി പരിശീലനത്തിനും പരീക്ഷണത്തിനും വിനിയോഗിക്കണം.

27. വിജയികളെ സ്വീകരിക്കയും പ്രതിഷ്ഠ നടത്തുവാൻ അനുവദിക്കയും ചെയ്യുന്നു.

30. പ്രതിഷ്ഠ ആജീവനാന്തമാണു്; എന്നാൽ അംഗത്വം ഉപേക്ഷിക്കുന്നവരും, ബഹിഷ്കൃതരും ഉണ്ടായേക്കാം.

31. ബഹിഷ്കരണം—അതും, ഗൗരവാവഹമായ കാരണങ്ങളാൽ—നടത്തുന്നതു് ഡയറക്ടർ അച്ചനാണു്.

32. * സഖ്യതാനിയമങ്ങൾ അത്യധികം വിലമതിക്കപ്പെടേണ്ടവയും സനിഷ്കർഷം പാലിക്കപ്പെടേണ്ടവയും ആണു്.

33. * മാതൃകാകത്തോലിക്കരായിരിക്കണം സൊഡാലിററി അംഗങ്ങൾ.

34. * പ്രതിദിനം അനുഷ്ഠിക്കേണ്ടതായ ചില ഭക്താഭ്യാസങ്ങൾ അവൎക്കുണ്ടു്.

35. പാപത്തിനുള്ള സാഹചര്യങ്ങളെ പരിവൎജ്ജിക്കണം.

36. ഒരു പതിവുകുമ്പസാരക്കാരൻ ഉണ്ടായിരിക്കുന്നതു് ഏററം അഭിലഷണീയം.

39. ദിവസംതോറും, സാധിക്കാത്തപക്ഷം അടുത്തടുത്തെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കണം.

40. * ദൈവമാതൃഭക്തിക്കു് സ്വജീവിതത്തിൽ പരമപ്രധാന സ്ഥാനം നൽകുന്നു.

41. സമ്മേളനങ്ങളിൽ കൃത്യമായി ഹാജരാകുക.

42. സഖ്യതാപ്രവൎത്തനങ്ങളിൽ സജീവഭാഗഭാഗിത്വം വഹിക്കുക.

43.* ശാരീരികവും ആത്മീയവുമായ പരസ്നേഹ പ്രവൃത്തികൾ വഴി യഥാൎത്ഥ പ്രേഷിതരാകുക.

# 3. പ്രതിഷ്ഠാകർമ്മം

സൊഡാലിററിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും അനുഷ്ഠിക്കപ്പെടുന്നതുമായ പ്രതിഷ്ഠാകൎമ്മം സർവ്വപ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. 12_ാം പീയൂസ് മാർപ്പാപ്പ അതിനെ ഇപ്രകാരം വർണ്ണിക്കുന്നു: "ജീവിതകാലം മുഴുവനും നിത്യത്വത്തിലും അവനവനെത്തന്നെ പരിപൂൎണ്ണമായി ദാനം ചെയ്യുന്നതാകുന്നു, സഖ്യതയിൽ ദേവമാതാവിനു് നടത്തുന്ന പ്രതിഷ്ഠ; അതു് വെറും വികാരാധീനമായ ഒരു ദാനാർപ്പണമല്ല; നിരൎത്ഥകമായ ഒരു ബാഹ്യാചാരവുമല്ല; പ്രത്യുത തികച്ചും കർമ്മാത്മകമാണ്. ക്രിസ്തുനാഥന്റേയും കന്യകാംബികയുടേയും ജീവിതം അനുവർത്തിക്കുന്നതിന്റെ പാരമ്യത്തിലും, സഖ്യാംഗത്തെ മറിയത്തിന്റെ 'പ്രതിപുരുഷനും,' ഒരു വിധത്തിൽ പറഞ്ഞാൽ, 'ഇഹത്തിൽ അവളുടെ ദൃശ്യകരങ്ങളു'മാക്കി ചമയ്ക്കുന്ന പ്രേഷിതപ്രവൃത്തിയിലും, സാക്ഷാത്തായ ഭക്തിയുടേയും അർച്ചനയുടേയും, പരസ്നേഹത്തിന്റേയും തീക്ഷ്ണതയുടേയും ബാഹ്യപ്രവൎത്തനങ്ങളിൽ സൎവ്വാത്മനാ സംക്രമിച്ചു ലയിക്കുന്ന അതീവസമൃദ്ധമായ ആഭ്യന്തരജീവിതത്തിന്റെ സോച്ഛ്വാസരൂപമായ പ്രവാഹത്തിലും ആണു് പ്രസ്തുത പ്രതിഷ്ഠാകൎമ്മം നിറവേറുന്നതു്.

"ഓരോരുത്തനും അവനവന്റെ ജീവിതാവസ്ഥയിൽ സ്വന്തം വിശുദ്ധീകരണത്തിനായി തീവ്രയത്നം ചെയ്യുക........മററുള്ളവരുടെ രക്ഷയ്ക്കായി തീക്ഷ്ണതയോടെ ശ്രമിക്കുക........ക്രിസ്തുവിന്റെ സഭയെ സംരക്ഷിക്കുന്നതിനു് ജാഗരൂകതയോടെ അദ്ധ്വാനിക്കുക.........

ഇവയാണ് ഒരു സഖ്യാംഗം സ്വാതന്ത്ര്യമായും സുദൃഢമായും ഏറ്റെടുക്കുന്ന ചുമതലകൾ. ഇവയാണ് സഖ്യതാനിയമങ്ങൾ വഴിയായി അവനു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉത്കൃഷ്ടമായ കർമ്മപരിപാടി."

ചുരുക്കത്തിൽ, പ. പിതാവിന്റെ വാക്യമനുസരിച്ച് സഖ്യതാപ്രതിഷ്ഠ ഒരു ആജീവനാന്ത ബന്ധമാണ് സ്ഥാപിക്കുന്നതു്. തന്മൂലം നിയമാനുഷ്ഠാന ചുമതലയും (പാപത്തിൽ കീഴ് അല്ലെങ്കിലും) ഗൗരവാവഹമാണ്.

# 4. റോമിൽനിന്നുള്ള മാർഗ്ഗനിർദ്ദേശിക

സഖ്യതയിൽ അനുഷ്ഠിക്കുന്ന പ്രതിഷ്ഠാകർമ്മം ഇത്രയ്ക്കു് പ്രാധാന്യമുള്ളതായിരിക്കെ, അതു് അനുഷ്ഠിക്കുന്നവർ അതിന്റെ അർത്ഥം ശരിയായി ഗ്രഹിക്കുന്നതിനും തദനുസരണം ജീവിക്കുന്നതിനും കഴിവുള്ളവരായിരിക്കണം. ബാലികാബാലന്മാർക്കായുള്ള ഏതൊരു സഖ്യതാപ്ലാനിലും ഇക്കാര്യം പരിഗണിക്കപ്പെടേണ്ടതാണ്. തന്മൂലം റോമിലെ ഇൻറർ നാഷണൽ സെക്രട്ടറിയേററിൽനിന്നു് 1957 ജനുവരി 18-ാംനു- പ്രസിദ്ധീകൃതമായ ഒരു പ്ലാൻ ഇവിടെ ഉദ്ധരിക്കാം.

ആറു ഖണ്ഡികകളും, താല്ക്കാലികവും ശാശ്വതവുമായ പ്രതിഷ്ഠാകർമ്മങ്ങളെപ്പററിയുള്ള ഓരോ പ്രസ്താവനയും ആണ് അതിലെ ഉള്ളടക്കം.

## അംഗീകൃതമായ ഒരു പ്ലാൻ

1. പ്രൈമറി ഗ്രെയിഡ് സ്കൂൾ* പ്രായക്കാരായ കുട്ടികളുടെ സൊഡാലിററിയെ "ജൂനിയർ സൊഡാലിററി" എന്നു് വിളിക്കുക.

2. പ്രസ്തുത സൊഡാലിററിയിലെ അംഗങ്ങളെ "ജൂനിയർ സൊഡാലിററിക്കാർ" എന്നും വിളിക്കുക.

* അമേരിക്കയിലെ ഗ്രെയിഡ് സ്കൂൾ എട്ടു കൊല്ലത്തേയ്ക്കാണ്.

3. ഡയറക്ടറച്ചൻെറ അഭിപ്രായം അനുസരിച്ച് പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടത്തിയവരെ അപേക്ഷക(Aspirants)രായി സ്വീകരിക്കാം.

4. ശരിയായ പരിശീലനം നൽകാതെ യാതൊരു വ്യക്തിയേയും പ്രതിഷ്ഠാകർമ്മത്തിന് — താല്ക്കാലികമായാലും — സ്വീകരിച്ചുകൂടാ.

5. പ്രൈമറി സ്കൂൾ പ്രായക്കാരിൽ ചിലർ ശാശ്വത പ്രതിഷ്ഠ നടത്തുന്നതിന് പ്രാപ്തിയുള്ളവരാണ് എന്നു വന്നാൽത്തന്നേയും, താല്ക്കാലികപ്രതിഷ്ഠ നടത്തുന്നതിനു അവരെ സ്വീകരിച്ചാൽ മതിയാകും.

6. ഏതെങ്കിലും ഒരു അപേക്ഷകനെ താല്ക്കാലികമോ, ശാശ്വതമോ ആയ പ്രതിഷ്ഠയ്ക്കു സ്വീകരിക്കുന്ന കാര്യം ഡയറക്ടറച്ചൻെറ വിവേകപൂർവ്വകമായ തീരുമാനത്തെ ആശ്രയിച്ചിരിക്കും.

## താല്ക്കാലിക പ്രതിഷ്ഠ

സഖ്യതാ ജീവിതത്തെപ്പററി ഒരു ഏകദേശ ജ്ഞാനവും അതനുഷ്ഠിക്കുന്ന കാലത്തേയ്ക്കു നിയമാനുഷ്ഠാനത്തിൽ വിശ്വസ്തനായിരിക്കുമെന്ന് ഉറപ്പും ഉണ്ടെങ്കിൽ, ഒന്നോ, രണ്ടോ കൊല്ലത്തേയ്ക്കു താല്ക്കാലിക പ്രതിഷ്ഠ നടത്തുവാൻ ഒരു അപേക്ഷകനെ അനുവദിക്കാം. താല്ക്കാലിക പ്രതിഷ്ഠ ഒരു വ്യക്തിയെ നൈയാമികമായി മാററുന്നില്ല. കാരണം, സഖ്യതയിൽ (a) അപേക്ഷകൻ (Aspirant), b) സഖ്യാംഗം (Sodalist) എന്നിങ്ങനെ രണ്ടു അവസ്ഥാന്തരങ്ങൾ മാത്രമേയുള്ളു.

## ദണ്ഡവിമോചനങ്ങളുടെ പുതിയ പട്ടിക

"പരീക്ഷാന്തസ്സിൽ സ്വീകരിക്കപ്പെടുന്ന 'അപേക്ഷകർ'ക്കു, പ്രവേശിക്കുന്ന ആദ്യക്ഷണം മുതൽ തന്നെ സഖ്യാംഗങ്ങൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും ദണ്ഡവിമോചനങ്ങളും ആത്മീയവരങ്ങളും പ്രാപിക്കാവുന്നതാണ്" എന്നിങ്ങനെയാണ് 1948_ആഗസ്റ്റ് 9–ാംനു- റോമിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള ദണ്ഡവിമോചനങ്ങളുടേയും ആനുകൂല്യങ്ങളുടേയും പട്ടികയിൽ (19_ാംവകുപ്പ്) പറയുന്നതു്.

ആരെയെല്ലാം അപേക്ഷകരായി പരിഗണിക്കാം? 'യോഗ്യരെന്നു തെളിയുന്നപക്ഷം, പിന്നീട് സഖ്യതയിൽ സ്വീകരിക്കാനുള്ള ഉദ്ദേശത്തോടുകൂടി ഡയറക്ടർ അച്ചൻ പരീക്ഷാന്തസ്സിൽ പ്രവേശിപ്പിക്കുന്നവരെയാണ് "അപേക്ഷകരാ"യി പരിഗണിക്കേണ്ടതു' എന്നു റോമിലെ സെൻട്രൽ സെക്രട്ടറിയേററിൽനിന്നു പ്രസിദ്ധീകരിക്കുന്ന സഖ്യതയുടെ ഔദ്യോഗിക മാസികയായ "ആച്ചീയസ് ഓർഡിനാത്ത"* (A. O. Jan. 1949) യിൽ പറയുന്നതു്.

## വിശ്വലേഖനം

പരിശുദ്ധ പിതാവ് 12-ാം പീയൂസ് തിരുമനസ്സുകൊണ്ടു് 1948 സെപ്റ്റംബർ 8-ാംനു- വിളംബരം ചെയ്ത "ബിസ് സെക്കുലാരി" എന്ന വിശ്വലേഖനത്തിലെ ആശയവും ഇതിനോടു് യോജിക്കുന്നുണ്ടു്. അംഗത്വം നൽകുന്ന കാര്യത്തിൽ ഏററം വലിയ നിഷ്കർഷ പാലിക്കണമെന്നു് അതിൽ അനുശാസിക്കുന്നു. എന്നാൽ നിഷ്കപടഹൃദയത്തോടെ ആഗ്രഹിക്കുന്നവരെ അപേക്ഷകരായി സ്വീകരിക്കാവുന്നതാണ്. പുതുതായി പ്രസിദ്ധീകരിച്ച ദണ്ഡവിമോചനങ്ങളുടേയും ആനുകൂല്യങ്ങളുടേയും പട്ടികയിലെ നിർദ്ദേശം സംബന്ധിച്ചു് നാം അതീവ കൃതജ്ഞരാകണം. എന്തെന്നാൽ, നമ്മുടെ എല്ലാ കൊച്ചു് അപേക്ഷകർക്കും ഇതര സഖ്യാംഗങ്ങളോടൊപ്പം തന്നെ പ്രസ്തുത ആനുകൂല്യങ്ങളെല്ലാം പ്രാപിക്കാൻ അർഹത ലഭിച്ചിരിക്കുന്നു.

## കർദ്ദിനാൾ ന്യൂമാന്റെ ഒരു ആശയം

ചെറിയവരിൽനിന്നു് വലിയവ പ്രതീക്ഷിക്കരുതു്. നിയമങ്ങൾ പദാനുപദം അവർ പഠിക്കണമെന്നില്ല. നിയമങ്ങൾ നിർദ്ദേശിക്കുന്നവ പ്രാവർത്തികമാക്കാൻ അവരെ പഠിപ്പിച്ചാൽ മതി. എങ്ങനെ? കർദ്ദിനാൾ പറയുന്നു: "പൂർണ്ണപൂർണ്ണത പ്രാപിക്കാൻ അനുദിന കൃത്യങ്ങൾ ഉപേക്ഷിച്ചു് അസാധാരണ കാര്യങ്ങൾ അനുഷ്ഠിക്കണമെന്നില്ല. കാരണം, അനുദിനകർത്തവ്യങ്ങൾ അന്യൂനം ചെ

---

* 'ആച്ചീയസ് ഓർഡിനാത്ത' എന്നതിനു് സമരസന്നദ്ധമായ സൈന്യനിര എന്നാണർത്ഥം.

ശ്ശുന്നവനാണ് വിശുദ്ധൻ. കുട്ടികളെ സംബന്ധിച്ചു പറഞ്ഞാൽ, അനുദിനകർത്തവ്യങ്ങൾ മൂന്നാണ്: പ്രാർത്ഥന, പഠനം, വിശ്രമം. തന്മൂലം ബാലികാബാലന്മാരുടെ സഖ്യതാപരിപാടി പ്രധാനമായി *നന്നായി പ്രാർത്ഥിക്കുവാനും, നന്നായി പഠിക്കുവാനും, നന്നായി കളിക്കുവാനും* അവരെ പഠിപ്പിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. ഇങ്ങനെ ലോകവ്യാപകസംഘടനയായ സൊഡാലിററിയിലെ വിശ്രുതരായ ഇതര അംഗങ്ങളോടൊപ്പം ഈ കൊച്ചു് അംഗാർത്ഥികളും, ഈശോയെ ഏററം നന്നായി അറിയുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു മറിയത്തെ അനുകരിക്കാൻ ശ്രമിക്കുന്നു. ഇതര സഖ്യാംഗങ്ങളെപ്പോലെ മറിയത്തിൻെറ നേരെ ഒരു സജീവസ്നേഹം—സ്വയവിശുദ്ധീകരണത്താലും കത്തോലിക്കാ പ്രവർത്തനത്താലും പ്രോജ്ജ്വലിക്കുന്ന ഒരു സ്നേഹം—സമ്പാദിക്കാൻ യത്നിക്കുന്നു. അങ്ങനെ അവരും മറിയം വഴിയായി ഈശോയിലേക്കു ഗമിക്കണം." എന്നാൽ ചെറിയവരായതുകൊണ്ടു് അവരുടെ കഴിവുകൾക്കനുസരണം ചെറിയ കാര്യങ്ങൾ മാത്രമേ—ചെറിയ സംഘടന, ചെറിയ സമ്മേളനങ്ങൾ, ചെറിയ പ്രവർത്തനങ്ങൾ—അവരിൽനിന്നും പ്രതീക്ഷിക്കേണ്ടതുള്ളൂ.

## 5. സംക്ഷിപ്തമായ ഒരു പ്ലാൻ

ഇതുവരെ പറഞ്ഞവയുടെ ഒരു പ്ലാൻ താഴെ കുറിക്കാം:—

### സൊഡാലിററി

| | | | | |
|---|---|---|---|---|
| മറിയത്തെപ്പോലെ ഈശോയ്ക്കു് വേണ്ടി | നന്നായിട്ട് | പ്രാർത്ഥിക്കുവാൻ | വേണ്ടിയുള്ള | സംഘടന |
| | | പ്രയത്നിക്കുവാൻ | | സമ്മേളനങ്ങൾ |
| | | വിശ്രമിക്കുവാൻ | | പ്രവർത്തനങ്ങൾ |

മറിയത്തെപ്പോലെ ഈശോയ്ക്കുവേണ്ടി നന്നായി പ്രാർത്ഥിക്കുവാനും പ്രയത്നിക്കു(പഠിക്കു)വാനും വിശ്രമി(കളി)ക്കുവാനും പഠി

പ്പിക്കുന്നതോടെ പ്രതിഷ്ഠാകർമ്മത്തിനു് അവരെ തയ്യാറാക്കുന്നു. മരിയാ സഖ്യത്തിൻെറ നിയമങ്ങളുടെ സാരാംശം ഇവ മൂന്നും — പ്രാർത്ഥന, പഠനം, കളി — കൂടുതൽ മെച്ചമായ രീതിയിൽ നടത്തുവാൻ വേണ്ടിയുള്ളവയാണെന്നും വ്യക്തമായി അവരെ പഠിപ്പിക്കുന്നു.

## 6. സഖ്യതയുടെ വിശദരൂപം

മരിയാസഖ്യത്തിൻെറ സംഘടന, സമ്മേളനം, പ്രവർത്തനം എന്നിവയുടെ വ്യക്തമായ ചിത്രം താഴെ നോക്കുക.

**1) സംഘടന**
- ഡയറക്ടർ
- മോഡറേറ്റർ
- ഭാരവാഹികൾ →
  - പ്രീഫെക്ററ്
  - അസി. പ്രീഫെക്ററ്
  - സെക്രട്ടറി
  - ഖജാൻജി

**2) സമ്മേളനം**
- ആദ്ധ്യാത്മികം
- ബിസിനസ്സ്
- സാമൂഹികം

**3) പ്രവർത്തനം**
- **നന്നായി പ്രാർത്ഥിക്കുക**
  - ദിവ്യകാരുണ്യഭക്തി
  - ദൈവമാതൃഭക്തി
- **നന്നായി പ്രയത്നിക്കുക**
  - സാഹിത്യപരിശ്രമം
  - പ്രേഷിതപ്രവർത്തനം
  - പ്രസിദ്ധീകരണങ്ങൾ
- **നന്നായി വിശ്രമിക്കുക**
  - കായികാഭ്യാസങ്ങൾ
  - സാമൂഹ്യസേവനം
  - കലോത്സവങ്ങൾ

## 7. ശ്രദ്ധേയമായ ചില വസ്തുതകൾ

1. സഖ്യതയുടെ ഡയറക്ടർ ഒരു വൈദികനായിരിക്കണം. എന്നാൽ സഹായത്തിനായി — കുട്ടികളുടെ സഖ്യതയാണെങ്കിൽ

പ്രത്യേകിച്ചും — ഒരു സഹോദരനേയോ സഹോദരിയേയോ മോഡറേററർ ആയി നിയമിക്കുന്നതു് കൂടുതൽ നന്നായിരിക്കും.

2. ഡയറക്ടറുടെ സ്ഥാനത്തു് സൊഡാലിററിക്കാര്യങ്ങൾ യഥാർത്ഥത്തിൽ നടത്തുന്നതു് മോഡറേററർ ആണു്.

3. കുട്ടികളുടെ സഖ്യതയിൽ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിലും നല്ലതു് നിയമിക്കുന്നതായിരിക്കും.

4. അംഗങ്ങൾ അധികമുണ്ടെങ്കിൽ പ്രായവും ജന്മസിദ്ധമായ അഭിരുചിയും അനുസരിച്ചു് വിവിധ ഗ്രൂപ്പുകളായി വിഭജിച്ചു് പ്രത്യേക നേതാക്കന്മാരെ നിയമിക്കണം.

5. തിരുസഭയാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിലവാരം പുലത്തുന്നതിനുവേണ്ടി ജൂനിയർ സൊഡാലിററിക്കാർ സീനിയർ സൊഡാലിററിയിലേയ്ക്കു് സ്വീകരിക്കപ്പെടുന്നതിനു മുമ്പു് വീണ്ടും പരീക്ഷിക്കപ്പെടുന്നതിൽ അസാംഗത്യമില്ല. ഏതെങ്കിലും ഒരു സൊഡാലിററിയിൽ മുമ്പു് ശാശ്വതപ്രതിഷ്ഠ നടത്തിട്ടുണ്ടെങ്കിൽതന്നെയും പുതുതായി പ്രവേശിക്കാനാഗ്രഹിക്കുന്ന സഖ്യതയുടെ പ്രവർത്തന പരിപാടികൾ അനുസരിച്ചു് ജീവിക്കാനുള്ള കഴിവുകൾ ഉണ്ടോ എന്നു് ഏതു ഡയറക്ടർക്കും പരീക്ഷിക്കാവുന്നതാണു്, പരീക്ഷിക്കേണ്ടതുമാണു്.

6. ന്യായമായി ആവശ്യപ്പെടുന്ന എല്ലാ കാര്യവും ചെയ്യുവാൻ സന്നദ്ധതയില്ലാത്ത ഒരാളേയും സൊഡാലിററിയിൽ സ്വീകരിക്കേണ്ടതല്ല.

7. "പൊതുനിയമങ്ങ" (Common Rules of 1910) ളുടെ ചൈതന്യം മൊത്തത്തിൽ പാലിക്കപ്പെടണം. എന്നാൽ അവയുടെ വിശദാംശങ്ങൾ എല്ലാ സ്ഥലത്തും സമയത്തും പാലിക്കപ്പെടണമെന്നില്ല. സ്ഥലകാലസാഹചര്യങ്ങൾ അനുസരിച്ചു് വിവേകപൂർവ്വം പ്രായോഗികമാക്കിയാൽ മതിയാകും. കോളേജ് സഖ്യാംഗങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നതു് ജൂനിയേഴ്സിൽനിന്നും പ്രതീക്ഷിക്കാവുന്നതല്ലല്ലോ. എന്നിരുന്നാലും സമർത്ഥമായ നേതൃത്വത്തിൻ

കീഴ് ഒന്നിലധികം കാര്യങ്ങളിൽ ഈ "കുഞ്ഞുവിരുതന്മാർ" അവരുടെ "ചേട്ടന്മാരെ" അതിശയിച്ചിട്ടുണ്ടെന്നുള്ളതാണ് അനുഭവം.

8. സഖ്യതകൾക്ക് നൽകപ്പെട്ടിട്ടുള്ള സമൃദ്ധമായ ദണ്ഡവിമോചനാനുകൂല്യങ്ങൾ പ്രാപിക്കുവാൻ റോമിലെ മാതൃസഖ്യതയായ "പ്രീമ പ്രിമാരിയ"യോട് സംയോജിപ്പിക്കണമെന്നുള്ളതു് അവശ്യാവശ്യമാണ്. ഈ സംയോജനം ഓരോ രാജ്യത്തേയും നാഷണൽ ഓഫീസ് വഴിയായി നടത്തുന്നതാണ് അഭിലഷണീയം. ഇൻഡ്യയുടെ നാഷണൽ ഓഫീസ് "Sodality House," Victoria Garden Road, Byculla, Bombay-8.

എത്ര വിഭാഗങ്ങളുണ്ടെങ്കിലും സംയോജനം ഒന്നു മതിയാകും. സംയോജനംമൂലം യാതൊരു തരത്തിലും ഉള്ള പാരതന്ത്ര്യം ഉണ്ടാകുന്നില്ല.

9. അടുത്തകാലത്തു് പുറപ്പെടുവിച്ചിട്ടുള്ള ഒരു കല്പനപ്രകാരം സംയോജനം നടത്തിട്ടുള്ള സൊഡാലിററിയിലെ അപേക്ഷകർക്കും പ്രതിഷ്ഠ നടത്തിട്ടുള്ള അംഗങ്ങളോടൊപ്പം ദണ്ഡവിമോചനാനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. പ്രതിഷ്ഠാകർമ്മം ത്വരിതപ്പെടുത്തി സഖ്യതയുടെ നിലവാരം കുറയ്ക്കാതിരിക്കാൻ ഇതു് കൂടുതൽ സഹായിക്കും. അംഗങ്ങളുടെ എണ്ണത്തെക്കാൾ കൂടുതൽ ഗുണത്തെ ലക്ഷ്യംവയ്ക്കുന്നതാണ് സംഘടനയ്ക്കു് ശ്രേയസ്കരം.

10. സ്വീകരണത്തിൻെറ വാസ്തവികത (Validity) യ്ക്കു് അംഗങ്ങളുടെ പേരു് റെജിസ്റ്ററിൽ ചേർക്കണമെന്നുള്ളതു് നിർബന്ധമാണ്

## 8. ഭാരവാഹികളും ജോലികളും

**1. ഡയറക്ടർ:** a) ഓരോ സഖ്യതയുടേയും നിലനില്പിനും പുരോഗതിക്കും ഏകാസ്പദം ഡയറക്ടർ ആണ്. ആവശ്യമെങ്കിൽ, സഖ്യതയുടെ നടത്തിപ്പിന് ഒരു മോഡറേററെ നിയമിക്കാം. ഈ ആളുടെ താങ്ങും തണലുമായി നിന്ന് സ്വന്ത അധികാരവും പ്രേരണാ

ശക്തിയും സഖ്യതയുടെ അഭിവൃദ്ധിക്കായി വിനിയോഗിക്കണം. ഡയറക്ടറുടെ പ്രോത്സാഹനത്തിന്റെ തോതനുസരിച്ചായിരിക്കും സഖ്യതയുടെ പുരോഗതി എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

b) സഖ്യതയുടെ നിയമപ്രകാരമുള്ള സ്ഥാപനവും 'പ്രീമ പ്രിമാരിയ'യോടുള്ള സംയോജനവും ഡയറക്ടർ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. അതുപോലെതന്നെ യഥാവസരം അപേക്ഷകരേയും അംഗങ്ങളേയും സ്വീകരിക്കുന്നതും.

c) ഇടയ്ക്കിടയ്ക്ക് സമ്മേളനങ്ങളിൽ സന്നിഹിതനായി ഉത്തേജനകമായ ഉപദേശങ്ങൾ നല്കുകയും വേണം.

2. മോഡറേറ്റർ (Moderator): a) പലപ്പോഴും സഖ്യതയുടെ മുഴുവൻ വിജയവും മോഡറേറ്ററെ ആശ്രയിച്ചിരിക്കും;— പ്രത്യേകിച്ച്, അംഗങ്ങൾക്ക് പരിജ്ഞാനം കുറവുള്ള ജൂനിയർ സൊഡാലിറ്റികളിൽ. കുട്ടികളുടെ അറിവിനും അഭിരുചിക്കും അനുയോജ്യമായ വിധം സൊഡാലിറ്റി പ്രോജക്റ്റുകൾ സംവിധാനം ചെയ്യുവാൻ പ്രത്യേകം ശ്രദ്ധപതിക്കണം. ആരംഭഘട്ടങ്ങളിൽ ഇവ ഏറ്റം ശ്രമകരമായിരിക്കും. കുട്ടികളിൽ കുറവുള്ളവയെല്ലാം പൂരിപ്പിക്കാൻ മോഡറേറ്റർ അത്യദ്ധ്വാനംതന്നെ ചെയ്യേണ്ടിവരും.

b) എല്ലാ കാര്യങ്ങളും തന്നത്താൻ ചെയ്യുന്ന രീതി, സാധാരണയായി പറഞ്ഞാൽ, അഭിനന്ദനീയമല്ല. ഭരണക്രമത്തിലും ഉത്തരവാദിത്വത്തിലും കുട്ടികൾക്ക് ഓഹരി നൽകണം. അവസരോചിതം പ്രസംഗിക്കാനും, അഭിപ്രായം പ്രകടിപ്പിക്കാനും, പ്രമേയങ്ങൾ അവതരിപ്പിക്കാനും, അഭിനയിക്കാനും, പാടാനും മുൻകൂട്ടി ഒരുക്കുക; കൂടുതൽ വൈഭവമുള്ളവരെക്കൊണ്ട് ആദ്യമാദ്യം ചെയ്യിക്കുക; കാര്യക്രമീകരണത്തിലും ഭരണഭാരത്തിലും ഭാഗഭാഗിത്വം നൽകുക; നല്ലപോലെ പരിചയിച്ചവരെക്കൊണ്ട് മററുള്ളവരെ താഴക്കിയെടുക്കുവാൻ ഏർപ്പാടുചെയ്യുക—ഇങ്ങനെ സഖ്യതാനടത്തിപ്പിനുള്ള ഭാരിച്ച ജോലികളെ അചിരേണ ലഘൂകരിക്കാവുന്നതാണ്. ഈ സമ്പ്രദായം കുട്ടികളെ ചിന്താശീലരും, കർത്തവ്യനിരതരും, ദൃഢചിത്തരും,

കൃത്യനിഷ്ഠയുള്ളവരും ആക്കിത്തീർക്കും. കുട്ടികളുടെ പ്രവൃത്തികൾ മോഡറേറററർ ചെയ്യുന്നതുപോലെതന്നെ മേന്മയുള്ളതാകയില്ലെങ്കിലും, അവരുടെ ചെറിയ ചെറിയ നേട്ടങ്ങൾ കുട്ടികൾക്കു് അഭിമാനകരങ്ങളും ആനന്ദപ്രദങ്ങളും ആയിരിക്കും.

**3. പ്രീഫെക്ട്:** a) എല്ലാവരാലും ആദരണീയനും എല്ലാംകൊണ്ടും പ്രശംസനീയനും ആയ ഒരു വ്യക്തിയെ വേണം പ്രീഫെക്ടായി നിയമിക്കുവാൻ.

b) സഖ്യതാഭരണം സംബന്ധിച്ച മിക്ക കാര്യങ്ങളും നിർവ്വഹിക്കാനുള്ള ചുമതല ഇയാൾക്കാണ്. മീററിംഗ് വിളിച്ചുകൂട്ടുക, കാര്യപരിപാടി തയ്യാറാക്കുക, വിജ്ഞാപനങ്ങൾ നടത്തുക—ചുരുക്കത്തിൽ ഒരു സമ്മേളനാദ്ധ്യക്ഷൻെറ എല്ലാ ചുമതലകളും പ്രീഫെക്ട് നിർവ്വഹിക്കണം.

c) പാർലിമെണ്ടറി നിയമങ്ങളുടെ മൗലികതത്വങ്ങളുമായി പരിചയപ്പെട്ടിരിക്കണം.

d) സൊഡാലിററിയിലെ ഏററവും സമുന്നതസ്ഥാനമാണ് പ്രീഫെക്ടിൻേറതു് എന്നു് എല്ലാവരും ഗ്രഹിക്കത്തക്കവിധം ആയിരിക്കണം അയാളുടെ പെരുമാററം.

**4. അസി. പ്രീഫെക്ട്:** ആവശ്യം നേരിടുന്ന അവസരങ്ങളിലെല്ലാം പ്രീഫെക്ടിനു് സഹായഹസ്തം നൽകുന്നതും അയാളുടെ അഭാവത്തിൽ പ്രീഫെക്ടിനെ പ്രതിനിധാനം ചെയ്യുന്നതും ആണ് അസിസ്റ്റൻറ് പ്രീഫെക്ടിൻെറ കർത്തവ്യം.

**5. സെക്രട്ടറി:** ഓരോ സമ്മേളനത്തിൻേറയും റിപ്പോർട്ടുകൾ എഴുതുകയും അടുത്ത മീററിങ്ങിൽ അതു് അവതരിപ്പിക്കയും ചെയ്യേണ്ടതു് ഇയ്യാളാണ്. കൂടാതെ, കാര്യപരിപാടികളും വിജ്ഞാപനങ്ങളും തയ്യാറാക്കാൻ പ്രീഫെക്ടിനെ സഹായിക്കുക, സഖ്യതയുടെ ചരിത്രം രേഖപ്പെടുത്തി സൂക്ഷിക്കുക, നാളാഗമം എഴുതുക, ഇതര സഖ്യതകളും, ഫൊറോന _ രൂപത – ദേശീയ _ ലോക _ കേന്ദ്രങ്ങളുമായി വാർത്താവിതരണം, ആശയവിനിമയം, സംശയനിവാര

ണം എന്നിവരുമായി ബന്ധം പുലർത്തുന്ന കത്തിടപാടുകൾ നടത്തുക എന്നിവയെല്ലാം സെക്രട്ടറിയുടെ ചുമതലയിൽ പെടും.

6. **ഖജാൻജി:** സഖ്യതാപ്രവർത്തനത്തിന്നാവശ്യമുള്ള ധനശേഖരം നടത്തുന്നതും വ്യയംചെയ്യുന്നതും മിച്ചമുള്ളതു് സൂക്ഷിക്കുന്നതും ഖജാൻജിയാണ്.

## 9. സഖ്യതാസ്ഥാപനക്രമം

1. സ്ഥലത്തെ വികാരിയുടെ അനുമതി വാങ്ങുക. അദ്ദേഹത്തിൻെറ തിരക്കിട്ട ജീവിതചെയ്യ്ക്കുളളിൽ ഒരു ജോലികൂടി കുത്തിത്തിരുകുന്ന ധാരണ വരുത്തരുതു്. അദ്ദേഹത്തിൻെറ അനുഗ്രഹവും പിൻതുണയും മാത്രം മതിയെന്നും ഭാരങ്ങളെല്ലാം മോഡറേററും അംഗങ്ങളും കൂടി വഹിക്കുന്നതാണെന്നും പറയണം.

2. സഹായിക്കാൻ സന്നദ്ധതയുള്ള സഹചരന്മാരുണ്ടോ എന്നു് ആരായുക. ഉണ്ടെങ്കിൽ, അവരുമൊരുമിച്ചു് രഹസ്യ ആലോചനായോഗം കൂടുക. അതിൽ വെച്ചു്, ആരംഭത്തിൽ എത്ര കുട്ടികളെ എടുക്കണം, ഏതു പ്രായക്കാരെ, സമ്മേളനങ്ങൾ നടത്താനുള്ള സ്ഥലം എവിടെ, സമയം ഏതു്, എന്നിവ തീരുമാനിക്കുക.

3. പ്രാരംഭപ്രസംഗം തയ്യാറാക്കുന്നതിന്നു് സഹായകമായ ഏതാനും കാര്യങ്ങൾ:

a) ഭൂമുഖത്തുള്ള ഏററം നല്ലതും വലിയതും ആയ സംഘടനകളിലൊന്നിൽ ചേരാൻ ആഗ്രഹമുണ്ടോ എന്നു് ചോദിക്കുക. തിരുസഭയിലെ വിശ്രുതവിശുദ്ധരിൽ പലരും (ഉദാഹരണമായി: വി. ഫ്രാൻസീസ് സാലെസ്, വി. അൽഫോൻസ് ലിഗോരി, വി. കമ്മില്ലസ് ദെ ലെലിസ്, വി. വിൻസെൻറ് ഡി പോൾ, വി. പീററർ കനീസിയൂസ്, വി. പീററർ ക്ലേവർ, വി. ജോൺ ബെർക്കുമാൻസ്, വി. ഗബ്രിയേൽ പൊസേന്തി, വി. കൊച്ചുത്രേസ്യ, വി. മരിയ ഗോരേററി) സഖ്യാംഗങ്ങളാണ്. കൂടാതെ തിരുസഭാദ്ധ്യക്ഷന്മാരായ 8_ാം ഉർബാനോസ്, 7_ാം അലക്സാണ്ടർ, 9, 10, 11,

13-ാം ക്ലെമെൻറ്, 10, 11, 13-ാം ഇന്നസെൻറ്, 13-ാം ലിയോ 14-ാം ബനദിക്തോസ്, 9, 11, 12-ാം പിയൂസ്, 23-ാം യോഹന്നാൻ —എന്നീ മാർപ്പാപ്പമാരും മരിയസഖ്യാംഗങ്ങളാണ്. കാനഡായിലെ ഇപ്പോഴത്തെ ഗവർണ്ണർ ജനറൽ മി. ജോർജ്ജ് വാനിയെ ഒരു സൊഡാലിററി അംഗമാണ്. ഇതുപോലെ വിശുദ്ധിക്കും വിജ്ഞാനത്തിനും ലോകസേവനത്തിനും വിഖ്യാതരായ നേതാക്കന്മാരെ കുട്ടികളുടെ മുമ്പിൽ അണിനിരത്തി കാണിക്കുക.

b) പ്രാർത്ഥന, പഠനം, വിശ്രമം—ഇവ കൂടുതൽ നന്നായിട്ട് നടത്തി ഉത്തമ കത്തോലിക്കരാകാൻ സ്വയം മാതാവിനു് പ്രതിഷ്ഠിക്കുന്നു. മാതാവാകട്ടെ, സസന്തോഷം അവരെ സ്വീകരിച്ച്, അതിവിശിഷ്ടങ്ങളായ അനുഗ്രഹദാനങ്ങളാൽ സമ്പന്നരാക്കുന്നു. ഇതു് അവരുടെ സ്വന്തം സംഘടന: അവർ ആരംഭിക്കുന്നു; ഉദ്യോഗസ്ഥന്മാർ അവർതന്നെ; മീററിങ്ങുകൾ പ്ലാൻചെയ്യുന്നതും നിയന്ത്രിക്കുന്നതും അവർ; പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുന്നതും പ്രാവർത്തികമാക്കുന്നതും അവർതന്നെ.

c) അയൽപ്രദേശങ്ങളിൽ എവിടെയെങ്കിലും ആദർശപരമായ സഖ്യതയുണ്ടെങ്കിൽ അതിൻെറ പ്രവർത്തനങ്ങളും നേട്ടങ്ങളും വിവരിക്കുക.

d) ഈ സംഘടന സ്ഥാപിക്കുന്നതിലും നടത്തുന്നതിലും അവരെ സഹായിക്കാൻ നിങ്ങൾ തയ്യാറാണെന്നും, എന്നാൽ, സംഘടന തീരുമാനിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ മനസ്സുള്ളവരെ മാത്രമേ ഇതിൽ അംഗങ്ങളാക്കാൻ സമ്മതിക്കയുള്ളുവെന്നും പറയണം.

e) സൊഡാലിററിയിലുള്ള രണ്ടു ഗ്രെയ്ഡുകൾ—അപേക്ഷകൻ, അംഗം—വിവരിച്ചുകൊടുക്കുക.

f) സഖ്യതയിലെ അംഗത്വം ഏററം പ്രാധാന്യമർഹിക്കുന്ന ഒന്നാകയാൽ, അതിനു വേണ്ട ഗുണവിശേഷങ്ങളുള്ളവർക്കു മാത്രമേ അതു നൽകാവൂ എന്നു് നിയമാവലിയും മാർപ്പാപ്പയും നിഷ്കർഷിക്കുന്നു. 'അപേക്ഷക'നായി സ്വീകരിക്കപ്പെടുന്നതുതന്നെ വലിയൊരു

കാര്യമാണ്. കാരണം, അപേക്ഷകനായി സ്വീകരിക്കപ്പെടുന്ന സമയം മുതൽതന്നെ യഥാർത്ഥ സഖ്യാംഗങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള എല്ലാ ദണ്ഡവിമോചനാനുകൂല്യങ്ങളും ഇവർക്കും ലഭ്യമാകുന്നു.

4. പ്ലാൻചെയ്തപോലെ ഒന്നാമത്തെ മീററിംങ്ങ് നടത്തുക.

5. മോഡറേറേഴ്സ് വീണ്ടും സമ്മേളിക്കുന്നു.

ഈ മീററിങ്ങിൽ:—

a) അടുത്ത മീററിങ്ങിൻെറ സമയവും സ്ഥലവും നിശ്ചയിക്കുക.

b) ആ മീററിങ്ങിൽ ചെയ്യാനുള്ള കാര്യങ്ങൾ തീരുമാനിക്കുക: i. ഒന്നാമത്തെ മീററിങ്ങിലെ പ്രസംഗം (കുട്ടികളുടെ ഓർമ്മ പുതുക്കൽ) ചുരുക്കി ആവർത്തിക്കുക. ii. ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ കൂട്ടിച്ചേർക്കുക. iii. ഉദ്യോഗസ്ഥന്മാരുടെ സ്ഥാനങ്ങളും ചുമതലകളും വിവരിച്ചു കേൾപ്പിക്കുക. (p. 11–14), iv. സൊഡാലിററി മീററിങ്ങ് നടത്തേണ്ട വിധവും ഏതാനും ചില പ്രോജെക്ററുകളും പറഞ്ഞുകൊടുക്കുക. v. ചുരുക്കത്തിൽ, മരിയാസഖ്യം ഉത്തമ കത്തോലിക്കാ ജീവിതത്തിന് പ്രയോജനകരമായ ഒന്നാം തരം ഒരു സംഘടനയാണെന്ന് കാണിച്ചുകൊടുത്ത് കുട്ടികളെ സമാകർഷിക്കുക. vi ഒടുവിൽ, സഖ്യതയിൽ അംഗങ്ങളാകുവാൻ ആഗ്രഹമുള്ളവരെ ക്ഷണിക്കുക. "നിങ്ങളുടെ മറുപടി എനിക്ക് ഉടനെ വേണ്ട. ഞാൻ പറഞ്ഞ കാര്യങ്ങളെപ്പററി വീണ്ടുംവീണ്ടും നല്ലപോലെ ചിന്തിച്ചശേഷമേ തീരുമാനമെടുക്കേണ്ടൂ. സഖ്യതയിൽ ചേരുവാനാണ് തീരുമാനിക്കുന്നതെങ്കിൽ ആ വിവരം ഒരു കടലാസെടുത്ത് 'ഞാൻ സഖ്യതയിൽ ചേരുവാൻ ആഗ്രഹിക്കുന്നു. ഒരു നല്ല കുട്ടിയായിത്തീരുവാൻ ആത്മാർത്ഥമായി ശ്രമിക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു' എന്ന് അതിൽ എഴുതി ഒപ്പിട്ട്, അതിനടിയിൽ പേരും മേൽവിലാസവും ചേർത്ത് ഞാൻ പറയുന്ന ദിവസം തന്നാൽ മതി" എന്നു പറയുക. vii. ദിവസം നിശ്ചയിച്ചുകൊടുക്കുക. (അപേക്ഷഫോറം ഐക്യരൂപത്തിലായിരിക്കാൻ മോഡറേററർതന്നെ കൊടുക്കുന്നതു് നന്നായിരിക്കും.

6. കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുവാനും, സന്മനസ്സുണ്ടാത്താനും പടങ്ങൾ, വിവരണങ്ങൾ, മുദ്രാവാക്യങ്ങൾ, ശ്ലോകങ്ങൾ മുതലായവ പ്രസിദ്ധംചെയ്യുക.

7. അഞ്ചാം നമ്പ്രിൽ വിവരിച്ചതുപോലെ പ്ലാൻചെയ്തതും ആറാം നമ്പ്രിൽ കാണിച്ചതുപോലെ പ്രചരണം നടത്തിയതുമായ മീററിംങ്ങ് സമ്മേളിക്കുന്നു.

8. അപേക്ഷ സമർപ്പിക്കുന്നവരുടെ പേരെഴുതിയ ഒരു ലിസ്റ്റ് ബ. ഡയറക്ടറച്ചന് സമർപ്പിക്കുക. "ഇവരെയെല്ലാം അപേക്ഷകരായി സ്വീകരിച്ചിരിക്കുന്നു" എന്ന് അദ്ദേഹം പറഞ്ഞാൽ സ്വീകരിക്കുന്നതിന് മറെറാന്നും വേണമെന്നില്ല. എന്നാൽ അദ്ദേഹം കുട്ടികളുടെ മീററിംങ്ങിൽ വന്ന് മരിയാസഖ്യത്തിൻെറ മാഹാത്മ്യത്തേയും അവർ ചെയ്യാനൊരുമ്പെട്ടന്ന പ്രതിഷ്ഠാകർമ്മത്തിൻെറ വൈശിഷ്ട്യത്തേയും പററി സമാകർഷകമായ ഒരു ഉപദേശം നല്കിയശേഷം "കാര്യത്തിൻെറ ഗൌരവം ആലോചിച്ചു നോക്കുമ്പോൾ, നിങ്ങൾ നല്ലപോലെ ഒരുങ്ങി യോഗ്യതാപൂർവ്വം പ്രവേശിക്കുന്നതിന് സമയം നൽകേണ്ടിയിരിക്കുന്നു. ആയതിലേയ്ക്കു് രണ്ടു മാസത്തെ കാലാവധി അനുവദിക്കുന്നു. അതിനിടയ്ക്കു് നിങ്ങാം മീററിങ്ങുകളും പഠനക്കളരികളും നടത്തി സൊഡാലിററിയെ സംബന്ധിച്ച് കുറെയെല്ലാം പഠിച്ചറിഞ്ഞു് നിങ്ങളിലുള്ള ആഗ്രഹം ദൃഢതരമാക്കുക. രണ്ടു മാസത്തിനു ശേഷം ദേവാലയത്തിൽ വെച്ച് ആഘോഷപൂർവ്വമായ ചടങ്ങുകളോടെ നിങ്ങളെ അപേക്ഷകരായി ഞാൻ സ്വീകരിക്കുന്നുണ്ട്." ഇങ്ങനെയാണ് പറയുന്നതെങ്കിൽ ഏററം നന്നായിരിക്കും.

9. ഉദ്യോഗങ്ങൾ ഏല്പിക്കുക. ആരംഭഘട്ടത്തിൽ തെരഞ്ഞെടുപ്പിനേക്കാൾ നിയമനമാണ് നല്ലതു്. കൃത്യനിഷ്ഠ, പ്രശാന്തത, പ്രേരണാശക്തി, കാര്യക്ഷമത, വ്യക്തിവിലാസം തുടങ്ങിയ ഗുണങ്ങൾ വിശേഷവിധിയായുള്ള കുട്ടികളെ നോക്കി തക്കതായ ജോലികൾ ഏല്പിക്കുക. ആൺകുട്ടികളും, പെൺകുട്ടികളും ഉണ്ടെങ്കിൽ വിവേചന കൂടാതെ രണ്ടു കൂട്ടരേയും ഒരുപോലെ ജോലികൾ ഏല്പിക്കുക.

10. ഭാരവാഹികളെ തനിച്ച് ഒരു സ്ഥലത്ത് വിളിച്ചുകൂട്ടി അവരുടെ ജോലികൾ (p. 11–24) സംബന്ധിച്ചുള്ള വ്യക്തമായ വിവരണം നൽകുക. അടുത്ത സമ്മേളനം നടത്തേണ്ടതു് എങ്ങനെയെന്നു പഠിപ്പിക്കുക.

a) 19_20 പേജുകളിൽ കൊടുത്തിട്ടുള്ള സമ്മേളനപരിപാടികൾ പറഞ്ഞുകൊടുക്കുക. മീററിങ്ങ് സമയത്തു് എന്തെല്ലാം ചെയ്യാമെന്നു് 21 മുതൽ 25 വരെ പേജുകളിലും ഉന്നയിക്കപ്പെടാവുന്ന പ്രോജക്ററുകൾ 29 മുതൽ 37 വരെ പേജുകളിലും വിവരിച്ചിട്ടുണ്ടു്.

b) ഇനി നടത്തുവാൻ പോകുന്നതു് ക്രമപ്രകാരമുള്ള ഒന്നാമത്തെ മീററിങ്ങ് ആകയാൽ ബ. ഡയറക്ടറച്ചനും മോഡറേററും ഉദ്യോഗസ്ഥന്മാരും ഓരോ ലഘുപ്രസംഗം പറയുന്നതു് ഏററവും നന്നായിരിക്കും.

c) മാത്രമല്ല ഈ മീററിങ്ങ് ഏററം ഭംഗിയായി നടത്തിയാൽ പിന്നീടുള്ളവയ്ക്കെല്ലാം ഒരു നല്ല പാരമ്പര്യം സൃഷ്ടിക്കാനും സാധിക്കുമല്ലൊ. തന്മൂലം സർവ്വ ശ്രദ്ധയോടും നിഷ്കർഷയോടും കൂടി തയ്യാറെടുക്കേണ്ടിയിരിക്കുന്നു.

11. സൊഡാലിററിയുടെ എല്ലാ സമ്മേളനങ്ങളിലും രണ്ടു കാര്യങ്ങൾ സദാ ഉന്നം വെയ്ക്കേണ്ടതായുണ്ടു്.

a) സഖ്യാംഗങ്ങൾ പുണ്യജീവിതത്തിൽ വളരുക. ആത്മരക്ഷയിലുള്ള അവരുടെ തീക്ഷ്ണത ഉജ്ജീവിപ്പിക്കുക. അതുകൊണ്ടു് പ്രായേണ എല്ലാ മീററിങ്ങിലും ആദ്ധ്യാത്മികജീവിതം ആസ്പദമാക്കി ഒരു നിയമം വായിച്ച് വിശദീകരിച്ചുകൊടുക്കുകയും, മററുള്ളവർക്കു വേണ്ടി സഖ്യാംഗങ്ങൾ ചെയ്യുന്ന സേവനങ്ങളുടെ രക്ഷാകരവില ഗ്രഹിപ്പിക്കുകയും വേണം. സഖ്യനിയമങ്ങളിൽ പരമപ്രാധാന്യമർഹിക്കുന്നവയും, അംഗങ്ങളുടെ ബോധത്തിൽ അവഗാഢം പതിയേണ്ടവയും (The Big Six) 1, 32, 40, 34, 43, 33_എന്നീ നിയമങ്ങളാണ്.

# 10. സമ്മേളനങ്ങൾ

1. പ്രകൃതവും, ലക്ഷ്യവും:

a) അംഗങ്ങൾ എല്ലാവരും സംബന്ധിക്കുന്ന പൊതുസമ്മേളനമാണ് പ്രാധാന്യമർഹിക്കുന്നത്.

b) പ്രതിവാരം ഒരു സമ്മേളനം വേണമെന്ന് നിയമാവലി അനുശാസിക്കുന്നു.

c) ആദ്ധ്യാത്മികം, ബിസിനസ്, സാമൂഹികം എന്നിങ്ങനെ മൂന്നു തരത്തിൽ ആകാം പൊതുസമ്മേളനങ്ങൾ.

d) മാസത്തിൽ നാലു മീററിങ്ങുകൾ നടത്തുന്നെങ്കിൽ, ആദ്ധ്യാത്മികം, ബിസിനസ്, ആദ്ധ്യാത്മികം, സാമൂഹികം എന്നിങ്ങനെ അവയെ ക്രമീകരിക്കാം.

e) ചെറിയ കുട്ടികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, മൂന്നുതരം മീററിങ്ങുകളുടേയും ചൈതന്യം സംയോജിപ്പിച്ചുകൊണ്ടുള്ളവയായിരിക്കും കൂടുതൽ സമാകർഷകം.

f) ക്ലാസ്സുമുറികളിലാണ് മീററിങ്ങ് നടത്തുന്നതെങ്കിൽ അദ്ധ്യാപനമുറിയുടെ നിഴൽപോലും ഉണ്ടാകാതിരിക്കാൻ ശ്രദ്ധപതിക്കണം. കുട്ടികൾതന്നെ (തയ്യാറായിട്ടുള്ളപോലെ) സ്വമേധയാ സ്വതന്ത്രമായി ചടങ്ങുകളെല്ലാം നിവർത്തിക്കട്ടെ.

g) സ്വയവിശുദ്ധീകരണത്തിലും പ്രേഷിത ചൈതന്യത്തിലുമുള്ള വളർച്ചയാണ് മീററിങ്ങുകളുടെ ലക്ഷ്യമെന്ന് സദാ സ്മരിക്കണം.

2. ആദ്ധ്യാത്മിക സമ്മേളനപരിപാടികൾ:

a) പ്രാരംഭജപം അഥവാ സംഗീതം

b) ഏതെങ്കിലും ഒരു ഭക്താനുഷ്ഠാനം

ഉദാ:_ ജപമാലയുടെ ഒരു ഭാഗം;

ഒപ്പീസിൻെറ ഒരു ഭാഗം;

നാലഞ്ചു മിനിട്ടുനേരത്തെ ധ്യാനം.

c) ഉപദേശം (Director or Moderator)

d) സമാപനഗാനം അഥവാ ജപം.

3. ബിസിനസ് മീററിങ്ങ് പരിപാടികൾ.

a) പ്രീഫെക്ററിൻെറ സന്ദേശം.

b) പ്രാർത്ഥന. (Vocal or Mental)
(സഖ്യാംഗം അഥവാ മോഡറേററർ )

c) കഴിഞ്ഞ മീററിങ്ങിൻെറ റിപ്പോർട്ട്.

d) മുൻസമ്മേളനത്തിൽ പൂർത്തിയാക്കാൻ സാധിക്കാത്ത ചർച്ച (ഉണ്ടെങ്കിൽ) തുടരുന്നു. ഒരു ചോദ്യം ഉന്നയിച്ചുകൊണ്ട് ചർച്ച ആരംഭിക്കാം. ഉദാ:— നമുക്ക് ഒരു മിഷനറിയെ "ദത്തു" എടുക്കരുതോ?

e) പൂർത്തിയാക്കിയവയും തുടർന്നുകൊണ്ടിരിക്കുന്നവയുമായ പ്രോജക്ററുകളെ സംബന്ധിച്ച റിപ്പോർട്ട്. (എന്തു ചെയ്യണമെന്നായിരുന്നു നാം ഉദ്ദേശിച്ചിരുന്നത്? മാറ്റങ്ങൾ ഏവയെല്ലാമായിരുന്നു? പ്രയോഗത്തിലുണ്ടായ അനുഭവങ്ങളെന്തെല്ലാം? മേലിൽ എന്തു ചെയ്യാനുദ്ദേശിക്കുന്നു? എന്തു കാരണത്താൽ? ഈ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട തയ്യാറാക്കാവുന്നതാണ്.)

f) പുതിയ പ്രോജക്ററുകൾ.

g) പ്രവർത്തനരംഗത്തുള്ള സഖ്യതയുടെ ഇപ്പോഴത്തെ നിലവാരത്തെപ്പററിയും ഭാവിപ്രതീക്ഷകളേയും സാദ്ധ്യതകളേയും പററിയുമുള്ള പ്രീഫെക്ററിൻെറ അഥവാ മോഡറേററുടെ പ്രസംഗം.

4. സാമൂഹിക സമ്മേളന പരിപാടികൾ.

സഖ്യതയ്ക്കു സംഭരിക്കുവാൻ സാധിച്ചിട്ടുള്ള വിശ്രമ-വിനോദോപകരണങ്ങളേയും അവ ഉപയോഗിക്കുന്നതിൽ സഖ്യാംഗങ്ങൾക്കുള്ള വൈഭവത്തേയും ആശ്രയിച്ചിരിക്കും ഈ മീററിങ്ങുകളുടെ പരിപാടിവൈപുല്യം.

# 11. മീററിങ്ങുകളിൽ ചെയ്യാവുന്നവ

a) **ആദ്ധ്യാത്മിക സമ്മേളനം.**

1. 'നന്മനിറഞ്ഞ മറിയം' 'രാജകന്യകേ' 'എത്രയും ദയയുള്ള മാതാവേ' തുടങ്ങിയുള്ള സർവ്വസാധാരണങ്ങളായ നമസ്കാരങ്ങൾ ഭക്തിയോടും ശ്രദ്ധയോടുംകൂടി (വാക്കുകൾ വ്യക്തമായി ഉച്ചരിച്ചു കൊണ്ടു്) ജപിക്കുക.

2. ഹൃദയസ്പർശകമായ രീതിയിൽ ജപമാലയുടെ ഒന്നു രണ്ടു രഹസ്യങ്ങൾ നിന്നുകൊണ്ടോ, നടന്നുകൊണ്ടോ ചൊല്ലുക. യാത്രയിലും ജോലികൾക്കിടയിലും ബോധയടക്കം പാലിച്ചു് പ്രാർത്ഥിക്കാൻ ഈ തഴക്കം സഹായിക്കും. രഹസ്യങ്ങളിലെ ധ്യാനവിഷയങ്ങൾ സവിസ്തരം വിവരിച്ചു കൊടുക്കുക. പടങ്ങളോ, സ്ലൈഡുകളോ ഉണ്ടെങ്കിൽ പ്രദർശിപ്പിക്കുക.

3. ഏതെങ്കിലും ഒരു സുകൃതജപത്തിന്മേൽ ധ്യാനിക്കാൻ (രണ്ടുമൂന്നു മിനിട്ടു്) സഹായിക്കുക. കുട്ടികൾതന്നെ സുകൃതജപങ്ങൾ തെരഞ്ഞെടുക്കട്ടെ.

4. ഒരു പ്രാർത്ഥനയെടുത്തു് വിശദീകരിച്ചു് നാം അതിൽ നിന്നു് എന്തു പഠിക്കണമെന്നു് പറഞ്ഞുകൊടുക്കുക. ഉദാ: 'എത്രയും ദയയുള്ള മാതാവേ!' മാതാവിന്റെ നേരെ നമുക്കുണ്ടാകേണ്ട സ്നേഹവും ആശ്രയബുദ്ധിയും.

5. സശരീരനായി ഈശോ സക്രാരിയിൽ ഇരിക്കുന്നതു് ആത്മനാ ദർശിച്ചുകൊണ്ടു് ഏതാനും വിനാഴിക മൗനപ്രാർത്ഥനയിൽ ചെലവഴിക്കുക. ആത്മസുഹൃത്തിനോടെന്നപോലെ അങ്ങയോടു് നാം സംസാരിക്കുവാൻ ഈശോ ആഗ്രഹിക്കുന്നു.

6. ഏതെങ്കിലും ഒരു ഭക്തഗാനമെടുത്തു് അതിന്റെ ചരിത്രം, അർത്ഥം, അതിൽ സംഗ്രഹിച്ചിരിക്കുന്ന വിശ്വാസസത്യങ്ങൾ എന്നിവ പഠിച്ചു് ഭക്തിപൂർവ്വം അതു് ആലപിക്കുക.

7. സ്വന്തവാക്കുകളിൽ എങ്ങനെ പ്രാർത്ഥിക്കാം, സാധാരണ പ്രാർത്ഥനകളിലെ അർത്ഥം എങ്ങനെ ഗ്രഹിക്കാം, ജപമാലയിലെ രഹസ്യങ്ങളിന്മേൽ എങ്ങനെ ധ്യാനിക്കാം എന്നീ വിഷയങ്ങളെക്കുറിച്ച് കുട്ടികളെക്കൊണ്ട് പ്രസംഗം പറയിക്കുക.

8. സ്വന്തം അമ്മയോട് പെരുമാറുന്ന രീതി അനുകരിച്ചുകൊണ്ട് (സ്മരണീയ ദിവസങ്ങളിൽ അഭിനന്ദിക്കുക; ആവശ്യങ്ങൾ അറിയിക്കുക; ലഭിക്കുന്ന സഹായങ്ങൾക്കു നന്ദി പറയുക; തെററു ചെയ്താൽ ക്ഷമായാചനം ചെയ്യുക) ദൈവത്തോട്, ദിവ്യാംബികയോട്, ഒരു വിശുദ്ധനോട് അഥവാ ഒരു മാലാഖയോട് സ്വന്ത വാക്കുകളിൽ പ്രാർത്ഥിക്കുന്നതിനു് അഭ്യസിപ്പിക്കുക. താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയിക്കുന്നതു് അതിനു പററിയ മാർഗ്ഗമായിരിക്കും. "നിങ്ങൾക്ക് സുഖക്കേട് പിടിപെട്ടാൽ നിങ്ങൾ മാതാവിനോട് എങ്ങനെ അപേക്ഷിക്കും? സുഖക്കേട് ഭേദമായാൽ മാതാവിനോട് എന്തു പറയും? നിങ്ങളുടെ അപ്പനു് ജോലിയൊന്നും ഇല്ലാതെവന്നാൽ അന്തോനീസു് പുണ്യവാനോട് എങ്ങനെ അപേക്ഷിക്കും? ഒരു കുററം ചെയ്യുന്നതിനിടയായാൽ ഈശോയോട് എങ്ങനെ ക്ഷമായാചനം ചെയ്യും?"

9. മാതാവിൻെറ ഒപ്പീസ് വിശദീകരിച്ചു കൊടുത്താൽ പ്രായംചെന്ന കുട്ടികൾ അതു് ജപിക്കാൻ ഇഷ്ടപ്പെടും. ഭാഗികമായി അതു് വിശദീകരിക്കുക. വിശദീകരിച്ച ഭാഗം മാത്രം (അതിൽ കുവിയരുതു്) ജപിക്കുക.

10. ഈശോയുടേയും മറിയത്തിൻേറയും വിശുദ്ധരുടേയും ജീവചരിത്രഭാഗങ്ങൾ, കുട്ടികൾക്ക് ആകർഷകമായതു്, അവസരോചിതം പറഞ്ഞുകേൾപ്പിക്കുക. അതുപോലെത്തന്നെ, അവരെ കുറിച്ചുള്ള സ്തുതിഗീതങ്ങളുടെ അർത്ഥം വിവരിച്ചുകൊടുക്കുക.

11. ആരാധനക്രമം നിദാനമാക്കിയുള്ള ഉപദേശങ്ങൾക്ക് ഒരു പ്രത്യേക വൈശിഷ്ട്യമുണ്ട്.

12. വളരെ ഫലദായകവും കാര്യക്ഷമവും ആയ ഒരഭ്യാസ

മാണ് കുട്ടികളെക്കൊണ്ട് സ്വന്തം വാക്കുകളിൽ പ്രാർത്ഥന എഴുതിപ്പിച്ച് ആദ്ധ്യാത്മിക സമ്മേളനങ്ങളിൽ ചൊല്ലിക്കുന്നത്.

b) ഇതര സമ്മേളനങ്ങൾ:

13. ഹാജർ വിളിക്കുക. തത്സമയം വിളിക്കപ്പെടുന്ന ഓരോ കുട്ടിയും ദിവ്യരക്ഷകൻ, കന്യകാമറിയം, വേദപുസ്തകം, ഏതെങ്കിലും ഒരു വിശുദ്ധൻ, ജപമാല, ഉത്തരീയം, ഹന്നാൻ വെള്ളം, ശുദ്ധീകരാത്മാക്കൾ, മിഷൻ പ്രവർത്തനം, സഖ്യതാചരിത്രം, ഒരു നിയമം, മാനസികപ്രാർത്ഥന ഇത്യാദി ഒരു വിഷയത്തെക്കുറിച്ച് അഞ്ചാറു വാചകത്തിൽ കവിയാതെ ഒരു ലഘുപ്രസംഗം പറഞ്ഞുകൊണ്ട് "ഹാജർ" പറയുന്നു.

14. "ജൂനിയർ സൊഡാലിസ്റ്റ്" (മാസിക) സശ്രദ്ധം വായിക്കുക. അതിൽ സിസ്റ്റർ മേരി ആലീസും അവരുടെ സഖ്യാംഗങ്ങളും ചെയ്യുന്നവ—പ്രത്യേകിച്ച് നിയമങ്ങളും പ്രതിഷ്ഠാകർമ്മങ്ങളും സംബന്ധിച്ചുള്ളവ—അഭിനയിക്കുക.

15. "ഒരു സഖ്യാംഗത്തിൻെറ പ്രാർത്ഥന"യിൽ ഒരംഗം അനുഷ്ഠിക്കേണ്ടവ എല്ലാം അടങ്ങിയിരിക്കുന്നത് കാണുക; ഈ പ്രാർത്ഥന അടിസ്ഥാനമാക്കി ചെറിയ ധ്യാനങ്ങൾ കുട്ടികൾതന്നെ തയ്യാറാക്കട്ടെ. അനുദിനം എല്ലാവരും അത് ചൊല്ലുന്നതിനു പ്രോത്സാഹിപ്പിക്കുക.

16. വിവിധ ഗ്രൂപ്പുകളായി വിഭജിച്ച് പ്രസംഗപരമ്പര നടത്തുക. ഉദാ: 7 പേർ കൂടി കൂദാശകൾ ഓരോന്നിനെപ്പററി; 15 പേർ കൂടി ജപമാലയുടെ വിവിധ രഹസ്യങ്ങളെപ്പററി; 4 പേർ സുവിശേഷകന്മാരുടെ ചരിത്രം പറയട്ടെ; 7 പേർ മാതാവിൻെറ വ്യാകുലങ്ങൾ വിവരിക്കട്ടെ........

17. ദിവ്യബലി തുടങ്ങി ദേവാലയത്തിലെ വിവിധ കർമ്മാനുഷ്ഠാനങ്ങളും പ്രസംഗവിഷയങ്ങളാക്കാം.

18. പ്രസംഗങ്ങൾ കൂടുതൽ ആകർഷകങ്ങളാക്കാൻ പടങ്ങൾ, സ്ലൈഡുകൾ, ബ്ളാക്ക ബോർഡുകൾ എന്നിവ ഉപയോഗപ്പെടുത്താം.

19. പദ്യോച്ചാരണം, കഥാകഥനം എന്നിവയ്ക്കും ചോക്ക് ഉപയോഗിച്ച് വിശദീകരണം നൽകട്ടെ.

20. ഓരോരുത്തൻ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ ഏവയെന്നും അവയിലെ ജയാപജയങ്ങൾ എന്തുമാത്രമെന്നും പ്രതിബന്ധങ്ങളെ എപ്രകാരം തരണം ചെയ്യുന്നുവെന്നും മീററിങ്ങുകളിൽ വിവരിക്കണം.

21. ദേവാലയത്തിലേയും സ്കൂളിലേയും അലങ്കാരങ്ങൾ, ചിത്രങ്ങൾ, പണികൾ എന്നിവയിലും സഖ്യതാപരിപാടികൾക്ക് വിഷയം കണ്ടെത്താവുന്നതാണ്.

22. തിരുസഭാപഞ്ചാംഗത്തിലെ തിരുനാളുകൾ ഏതാനും പ്രവർത്തനങ്ങൾക്ക് വക നൽകും.

23. വാദപ്രതിവാദം, ചർച്ചായോഗം, പഠനക്കളരി, പ്രസംഗമത്സരം എന്നിവയ്ക്കു് വേദപാഠത്തിലെ ഭാഗങ്ങൾ സ്വീകരിക്കാം.

24. "മിതവസ്ത്രധാരണസംഘം" "സ്വഭാവരൂപവൽക്കരണസംഘം" "തിരുസന്നിധിയിൽ കാവൽസംഘം" "മിഷൻ സഹായസംഘം" എന്നിങ്ങനെയുള്ള സംഘടനകൾ രൂപീകരിക്കുന്നെങ്കിൽ നിരവധി പ്രവർത്തനരംഗങ്ങൾ ലഭ്യമാകുന്നതാണ്.

25. സ്വദേശത്തേയും വിദേശത്തേയും പാവപ്പെട്ടവർക്ക് വേണ്ടി പടങ്ങൾ, കൊന്ത, കാശുരൂപം, വസ്ത്രങ്ങൾ മുതലായവ ശേഖരിക്കുന്നതിലും തിരുമണിക്കൂറുകൾ നടത്തുന്നതിലും ഏതു കൊച്ചുകുട്ടിയും ഉത്സാഹപൂർവ്വം പങ്കെടുക്കും.

26. "മറിയത്തിൻെറ മഹതിമഹാന്മാർ" എന്ന സംഘടന വഴി സദാചാരത്തിൻെറ പ്രാഥമികപാഠം ഇളംപ്രായത്തിലേ അഭിമാനപൂർവ്വം പഠിക്കും.

27. Crown Games, Cross Word Puzzles, Authors Dr. Quiz, Saints—എന്നിങ്ങനെ വിജ്ഞാനത്തിലും വി

ശുദ്ധിയിലും പുരോഗമിക്കത്തക്ക വിനോദങ്ങൾ സരസമായി ഏർപ്പാടു ചെയ്യാം.

28. മീററിങ്ങുകളിലും പുറത്തും അനുവർത്തിക്കപ്പെടുന്ന ഓരോരോ കാര്യങ്ങൾ എങ്ങനെ സഖ്യതാനിയമാവലിയിലെ വകുപ്പുകളോടു് യോജിക്കുന്നുവെന്നു് വ്യക്തമാക്കിക്കൊടുക്കുക.

29. “സ്വയം വിശുദ്ധീകരണത്തിനു്” തീവ്രമായി ആഗ്രഹിക്കുവാൻ പ്രേരകമായിട്ടുള്ള വിഷയങ്ങൾക്കു് സർവ്വോപരി മുൻഗണന നൽകുക.

30. അയൽവാസികളുടെ രക്ഷയ്ക്കും തിരുസഭാസംരക്ഷണത്തിനും ഉപയുക്തങ്ങളായ പ്രോജക്ററുകൾ സദാപി അവർക്കു് മാർഗ്ഗദർശികളാകട്ടെ.

14968

## 12. പ്രതിഷ്ഠ എങ്ങനെ പഠിപ്പിക്കാം.

പാപത്തിൻ കീഴു് ബന്ധിക്കുന്ന ഒന്നല്ല പ്രതിഷ്ഠ. എന്നിരുന്നാലും, റോമിൽനിന്നു് (18_1_1957) അംഗീകരിച്ച പ്ലാൻ സശ്രദ്ധം വായിക്കുന്നപക്ഷം, ശാശ്വതപ്രതിഷ്ഠയെ അത്യധികം വിലമതിക്കുന്നതായി കാണാം. ശാശ്വതപ്രതിഷ്ഠയ്ക്കു് ഒരാൾ സ്വീകരിക്കപ്പെടണമെങ്കിൽ രണ്ടു വ്യവസ്ഥകൾ നിറവേറിയിരിക്കണം: a) പ്രതിഷ്ഠയുടെ അർത്ഥം സുവ്യക്തമായി ഗ്രഹിക്കുക; b) തദനുസരണം ജീവിക്കുന്നതിനുള്ള കഴിവും സന്നദ്ധതയും ഉണ്ടായിരിക്കുക.

a) അർത്ഥം ഗ്രഹിക്കുക: 12_ാം പീയൂസ് മാർപ്പാപ്പ അരുളിച്ചെയ്യുന്നു: “മരിയാസഖ്യത്തിൽ ഒരുവൻ ദൈവജനനിക്കു സമർപ്പിക്കുന്ന പ്രതിഷ്ഠ ആജീവനാന്തവും നിത്യകാലത്തേയ്ക്കും നിലനില്ക്കുന്ന പരിപൂർണ്ണമായ ആത്മാർപ്പണമാണു്. അതു് വെറുമൊരു വൈകാരികാർപ്പണമല്ല; നിരർത്ഥകമായ ഒരാചാരവുമല്ല; പ്രത്യുത അതു് തികച്ചും കർമ്മാത്മകമാണു്. ക്രിസ്തുനാഥന്റെയും മരിയാംബികയുടേയും ജീവിതം അനുവർത്തിക്കുന്നതിന്റെ പാരമ്യത്തിലും, സ

ഖ്യാംഗത്തെ "മറിയത്തിൻെറ പ്രതിപുരുഷനും", ഒരു വിധത്തിൽ പറഞ്ഞാൽ, "ഇഹത്തിൽ അവളുടെ ദൃശ്യകരങ്ങളു"മാക്കിച്ചമയ്ക്കുന്ന പ്രേഷിതപ്രവൃത്തിയിലും, സാക്ഷാത്തായ ഭക്തിയുടേയും അർച്ചനയുടേയും പരസ്നേഹത്തിൻേറയും തിക്ഷ്ണതയുടേയും ബാഹ്യപ്രവർത്തനങ്ങളിൽ സർവ്വാത്മനാ സംക്രമിച്ചു ലയിക്കുന്ന അതീവസമൃദ്ധമായ ആഭ്യന്തരജീവിതത്തിൻെറ സ്വേച്ഛാനുരൂപമായ പ്രവാഹത്തിലും ആണ് പ്രസ്തുത പ്രതിഷ്ഠാകർമ്മം പരിപൂർണ്ണമായി നിറവേറുന്നതു്." ഒററവാക്കിൽ, പ്രതിഷ്ഠ ഒരു യഥാർത്ഥ ആത്മാർപ്പണമാണ്.

b) കഴിവും സന്നദ്ധതയും: ഇതും എന്താണെന്നു് മാർപ്പാപ്പ തിരുമേനി പറയുന്നുണ്ടു്: "ഓരോരുത്തനും അവനവൻെറ ജീവിതാവസ്ഥയിൽ സ്വയവിശുദ്ധീകരണത്തിനു വേണ്ടി ഉററു പരിശ്രമിക്കുക........മററുള്ളവരുടെ നിത്യരക്ഷയും പുണ്യപൂർണ്ണതയും സാധിക്കുന്നതിനു വേണ്ടി തിക്ഷ്ണതയോടെ പ്രയത്നിക്കുക.........ക്രിസ്തുവിൻെറ സഭയെ സംരക്ഷിക്കുന്നതിനായി ജാഗ്രുകതയോടെ പ്രവർത്തിക്കുക .......ഇവയാണ് ഒരു സഖ്യാംഗം സ്വതന്ത്രമായും സുദൃഢമായും ഏറെറടുക്കുന്ന ചുമതലകൾ."

ചുരുക്കത്തിൽ: സ്വയവിശുദ്ധീകരണം, പരരക്ഷ, സഭാസംരക്ഷണം എന്നിവയ്ക്കായി ഒരു സഖ്യാംഗം തീവ്രയത്നം ചെയ്യണം.

## ഒരു മാതൃകാകളരി

പ്രതിഷ്ഠയുടെ അർത്ഥവും ചുമതലയും കുട്ടികളെ ഗ്രഹിപ്പിക്കുന്നതിനു് രണ്ടു സംഗതികളിൽ നമ്മുടെ ശ്രദ്ധ പതിയണം: 1) ദാനാർപ്പണം; 2) വാഗ്ദാനം.

A. പ്രതിഷ്ഠ — ഒരു ദാനാർപ്പണം.

സഖ്യതയിൽ നടത്തുന്ന പ്രതിഷ്ഠ ഒരു സമ്പൂർണ്ണ സ്വയാർപ്പണമാണെന്ന ബോധം ഓരോ അംഗത്തിൻേറയും ആന്തരാത്മാവിൽ അവഗാഢം പതിയണം. പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടത്താൻ മാത്രം പ്രായമായിട്ടുള്ള കുഞ്ഞുങ്ങളിൽ ഇത്തരമൊരു ബോധം ഉളവാക്കാൻ സാധിക്കുമോ? സാധിക്കും.

മോഡറേററിന് ഫലപ്രദമായി പ്രയോഗിക്കുവാൻ ഇതാ ഒരു ലളിത പദ്ധതി:—

**മോഡറേറർ:—** ഇതാ നോക്കു, എൻെറ പക്കൽ ഒരു രൂപയുണ്ട്. ഇതു് എൻേറതാണ്. ഇതുകൊണ്ടു് എന്തു ചെയ്യണമെന്നു് തീരുമാനിക്കാനുള്ള അവകാശം ആൎക്കാണു്?

**ലിയോ:—** ടീച്ചറിനുതന്നെ.

**മോഡറേറർ:—** ശരി. കാരണം, ഒരു വസ്തുവിൻെറ ഉടമസ്ഥൻ ആരോ, അയാൾക്കാണ് അതുകൊണ്ടു് എന്തു ചെയ്യണമെന്നു് തീരുമാനിക്കാനുള്ള അവകാശം. എന്നാൽ ഞാനതു് ജോണിക്കു കൊടുക്കുന്നു. ഇപ്പോൾ അതു് ആരുടേതാണ്?

**ഗ്രേററ:—** ജോണിയുടെ.

**മോഡറേറർ:—** ആ രൂപകൊണ്ടു് എന്തു ചെയ്യണമെന്നു് ഇനി നിശ്ചയിക്കേണ്ടതു് ആരാണ്?

**ഹെലൻ:—** ജോണി.

**മോഡറേറർ:—** എന്നാൽ ഞാനതു് ജോണിയുടെ പക്കൽനിന്നു് തിരിയെ എടുക്കുന്നുവെങ്കിൽ ആ പ്രവൃത്തി ശരിയാകുമോ?

**വില്ലി:—** ഇല്ല; ജോണിയുടെ സമ്മതം കൂടാതെ അതു് തിരിയെ എടുക്കുന്നതു് തെററാണ്.

**മോഡറേറർ:** തീർച്ചയായും തെററാണ്. (അതിനു് കളവ്, പിടിച്ചുപറി എന്നൊക്കെ പറയും.) അപ്പോൾ, നാം ഒരു സാധനം ഒരാൾക്കു കൊടുത്താൽ അയാളാണ് അതിൻെറ ഉടമസ്ഥൻ. അതുകൊണ്ടു് എന്തു ചെയ്യുന്നമെന്നു് പറയാനുള്ള അവകാശവും അയാൾക്കുതന്നെ.

ഇനി സഖ്യതാപ്രതിഷ്ഠയെപ്പററി നമുക്കാലോചിക്കാം. ഒരു സഖ്യാംഗത്തിൻെറ പ്രാൎത്ഥനയിലെ ആദ്യപദങ്ങൾ ഏവയാണു്?

**റോബർട്ട്:—** "പരിശുദ്ധ മറിയമേ! ഞാൻ എന്നെ മുഴുവനും അങ്ങേയ്ക്കു നൽകുന്നു."

**മോഡറേറർ:** ഇപ്പോൾ റോബർട്ട് ആരുടേതാണ്?

മോളി:— പരിശുദ്ധ മറിയത്തിൻെറ.

മോഡറേറർ:— എങ്കിൽ, ഇനി മേലിൽ റോബർട്ട് എന്തു ചെയ്യണമെന്ന് പറയാനുള്ള അവകാശം ആർക്കാണ്?

ലൊരേറ:— പരിശുദ്ധ മറിയത്തിന്.

മോഡറേറർ:— വളരെ, വളരെ (ഏകദേശം 2000) കൊല്ലങ്ങൾക്ക മുമ്പ് നിത്യപിതാവ് ഈശോയെ മാതാവിന് മകനായി നൽകി. മാതാവിൻെറ മകനായിരിക്കുന്നത് ഈശോയ്ക്ക് അത്യന്തം ആനന്ദപ്രദമായിരുന്നു. നാം പ്രസ്തുത ജപത്തിൽ ഇങ്ങനെ ഒരാഗ്രഹം പ്രകടിപ്പിക്കുന്നുണ്ടോ?

ഹെൻറി: ഉണ്ട്. "ഈശോയെപ്പോലെ ഞാനും അങ്ങയുടേതായിരിക്കാൻ ആഗ്രഹിക്കുന്നു" എന്നാണ് പ്രസ്തുത ജപത്തിലെ തുടക്കുള്ള പദങ്ങൾ.

മോഡറേറർ:— ഇങ്ങനെ പ്രാർത്ഥിച്ചശേഷം ഒരുവന് യഥേഷ്ടം എന്തും ചെയ്യാമോ? അതോ, അവൻ മാതാവിൻെറ ഇഷ്ടാനുസരണം പ്രവർത്തിക്കണമോ?

പട്രീഷ: യഥേഷ്ടമല്ല; മാതാവിൻെറ ഇഷ്ടാനുസരണം മാത്രം പ്രവർത്തിക്കണം.

മോഡറേറർ: അതെ, അതാണ് നാം സദാ സ്മരിക്കേണ്ടത്. ഒരു സഖ്യാംഗം മാതാവിൻെറ വസ്തുവാണ്. അവിടത്തെ ഇഷ്ടാനുസരണം മാത്രമേ അവൻ പ്രവർത്തിക്കാവൂ

B. പ്രതിഷ്ഠ— ഒരു വാഗ്ദാനം.

മോഡറേറർ:— മാതാവിൻെറ ഇഷ്ടം നാം എങ്ങനെ അറിയുന്നു?

ടോമി:— സഖ്യതാനിയമങ്ങൾ വഴി.

മോഡറേറർ:— നിയമങ്ങളുടെ രത്നച്ചുരുക്കം നൽകാമോ?

ഡെല്ലി: സ്വന്ത പുണ്യപൂർണ്ണതയ്ക്കും മററുള്ളവരുടെ രക്ഷയ്ക്കും തിരുസ്സഭാ സംരക്ഷണത്തിനും വേണ്ടി ശ്രമിക്കുക.

മോഡറേറർ:— ഇക്കാര്യങ്ങൾ പ്രതിഷ്ഠാജപത്തിൽ മാതാവിനോടു നാം വാഗ്ദാനം ചെയ്യുന്നുണ്ടോ?

**വിൽസൺ:—** ഉണ്ട്. "അങ്ങേയ്ക്കു വിരോധമായി യാതൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്കയില്ലെന്നും, അങ്ങേ ബഹുമാനത്തിന് എതിരായി മററുള്ളവർ യാതൊന്നും പ്രവർത്തിക്കുന്നതിന് ഒരിക്കലും സമ്മതിക്കയില്ലെന്നും" പ്രതിഷ്ഠാജപത്തിൽ നാം വാഗ്ദാനം ചെയ്യുന്നുണ്ട്.

**മോഡറേററർ:—** അങ്ങനെ, പ്രതിഷ്ഠാകർമ്മം ഒരു വാഗ്ദാനംകൂടിയാണെന്ന് നാം കാണുന്നു.

ചുരുക്കത്തിൽ, പ്രതിഷ്ഠ ഒരു അർപ്പണമാണ്, ഒരു വാഗ്ദാനമാണ്. പരിശുദ്ധ കന്യകയ്ക്കു സ്വയം അർപ്പിക്കുന്നു. നിയമാവലിയിലെ നിർദ്ദേശാനുസരണം ജീവിക്കുന്നുണ്ടെന്ന് വാഗ്ദാനം ചെയ്യുന്നു.

സഖ്യതാപ്രതിഷ്ഠ പാപത്തിൻ കീഴ് ബന്ധിക്കുന്ന ഒന്നല്ലെന്നും, പാപത്തേയും ശിക്ഷയേയും കുറിച്ചുള്ള ഭയംകൊണ്ട് എന്നതിനെക്കാറം സ്നേഹത്താലും അഭിമാനത്താലും പ്രേരിതരായിട്ടാണ് അതു നടത്തേണ്ടതെന്നും ഒരിക്കൽക്കൂടി അനുസ്മരിപ്പിച്ചുകൊള്ളട്ടെ!

## 13. വിജയപ്രദങ്ങളായ പ്രോജക്ററുകറം.

1. ലോകസമാധാനത്തിനുവേണ്ടി കുർബ്ബാന ചൊല്ലിച്ചു.

2. ഗ്രൂപ്പുകളായി തിരിഞ്ഞ് നാല്പതുമണി ആരാധനയുടേയും മാസാദ്യവെള്ളിയാഴ്ചയുടേയും തിരുമണിക്കൂറുകറം തുടർച്ചയായി നടത്തി.

3. റേഡിയോ മാർഗ്ഗമുള്ള കത്തോലിക്കാ പരിപാടികറം വിജയിക്കുന്നതിന് പതിവായി പ്രാർത്ഥിക്കുന്നു.

4. ദിവ്യകാരുണ്യസന്നിധിയിൽ രാത്രിയാരാധന നടത്തി.

5. ഇളവുകാലം മുഴുവനും ഗ്രൂപ്പുകളായി തിരിഞ്ഞ് ദിവ്യകാരുണ്യം സ്വീകരിച്ചു. (ഓരോ ഗ്രൂപ്പിൻെറയും ലീഡർ തലേദിവസം സ്വന്തഗ്രൂപ്പിൽ പെട്ടവക്ക് അറിവു കൊടുത്തിരുന്നു.)

6. സഖ്യാംഗങ്ങളെല്ലാവരും കർബ്ബാനപ്പുസ്തകം ഉപയോഗിച്ച് വൈദികനോടുകൂടെ കുർബ്ബാനയിലെ നമസ്കാരങ്ങൾ ചൊല്ലുന്നതിനു് ഏർപ്പാടുചെയ്തു.

7. വീടുകളിൽ തിരുഹൃദയപ്രതിഷ്ഠ നടത്തിച്ചു.

(ഒരു ഗ്രൂപ്പുകാർ 72 വീടുകളിൽ നടത്തി.)

8. പാവപ്പെട്ട കുട്ടികൾക്കു് ആദ്യകുർബ്ബാന കൈക്കൊള്ളപ്പാടിനുള്ള വസ്ത്രങ്ങൾ വാങ്ങിക്കൊടുത്തു.

9. ദിവ്യബലിക്കുള്ള തിരുവസ്ത്രങ്ങൾ സൗകര്യാർത്ഥം തലേദിവസം സജ്ജീകരിക്കുന്നു.

10. ദേവാലയത്തിലെ കെടാവിളക്കു് കഴുകി വൃത്തിയാക്കി വേണ്ടിടത്തോളം എണ്ണയും തിരിയും സംഭരിച്ചു.

11. കുർബ്ബാനജപപ്പുസ്തകം കുർബ്ബാനയ്ക്കു മുമ്പു വിതരണം ചെയ്യുകയും കുർബ്ബാന കഴിഞ്ഞു് തിരികെ ശേഖരിക്കയും ചെയ്യുന്നു.

12. മാതാക്കൾക്കു് കുർബ്ബാനയ്ക്കു പോകാൻ സൗകര്യം നൽകുന്നതിനായി, തത്സമയം വീടുകളിൽ ചെന്നു് ശിശുക്കളെ നോക്കുന്നു.

13. മാനസികപ്രാർത്ഥന അഭ്യസിക്കുന്നു. പ്രതിദിനം സുവിശേഷത്തിലെ ഓരോ സംഭവം വായിച്ചു് ആത്മനാ സംഭവസ്ഥലത്തു് നിന്നു് സ്വന്തവാക്കുകളിൽ പ്രാർത്ഥിക്കുവാൻ ശ്രമിക്കുന്നു.

14. ആദ്ധ്യാത്മിക സമ്മേളന സമയത്തു് നടത്തുന്ന പൊതുധ്യാനത്തിനു് ഓരോരുത്തൻ മാറിമാറി നേതൃത്വം വഹിക്കുന്നു.

15. റഷ്യയുടെ മനസ്സാന്തരത്തിന്നായി വെള്ളിയാഴ്ചതോറും എല്ലാവരും ദിവ്യബലിയിൽ പങ്കെടുക്കുന്നു.

16. യൂറോപ്പിലേയ്ക്കു് ഭക്ഷണവും വസ്ത്രവും അയച്ചുകൊടുത്തു. ജർമ്മനിയിലെ ഏതാനും കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിനു് ആവശ്യമായ വിശേഷവസ്ത്രങ്ങളും അയച്ചു.

17. ഒരു ദിവസത്തെ ഏകാന്തധ്യാനം നടത്തി; ഒടുവിൽ പ്രതിഷ്ഠ സാഘോഷം നവീകരിച്ചു.

18. പള്ളിയിലെ വികാരിയച്ചന് ഒരു നല്ല ഒപ്പുസ്തമപ്പെട്ടി വാങ്ങിക്കൊടുത്തു; കുമ്പാന കൈക്കൊള്ളുമ്പോൾ ഉപയോഗിക്കുന്ന തട്ടം പ്ലെയിററചെയ്യിച്ചു.

19. സഖ്യാംഗങ്ങളുടെ മാതാപിതാക്കൾക്കുവേണ്ടി ഒരു കുമ്പാന ചൊല്ലിച്ചു.

20. ക്രിസ്തുസ് കാലത്തു് പരിശുദ്ധ പിതാവിനുവേണ്ടി ഒരു ത്രിദിനം നടത്തി.

21. പാപ്പാദിനം പ്രമാണിച്ചു് പതിവുള്ള "ഗോൾഡൻ പെനി" സമ്മാനിച്ചു.

22. ദൈവവിളിക്കു വേണ്ടി പ്രത്യേക പ്രാർത്ഥനകൾ രചിച്ചു്, കൂട്ടമായി ചൊല്ലി.

23. ദൈവവിളിവാരത്തിൽ വളരെയധികം പ്രാർത്ഥിച്ചു.

24. ബാലികാബാലന്മാർ വിവിധ സഭക്കാരായ സന്യാസിനീസന്യാസികളുടെ വേഷം ധരിച്ചു്, ഓരോരുത്തരും അവർ പ്രതിനിധീകരിക്കുന്ന സഭയെക്കുറിച്ചു പ്രസംഗിച്ചു.

25. ഇടവകയിൽനിന്നു ദൈവവിളി ലഭിച്ചിട്ടുള്ളവരുടെ ഫോട്ടോകൾ ശേഖരിച്ചു് ദേവാലയവാതില്ക്കൽ പ്രദർശിപ്പിച്ചു.

26. പരിശുദ്ധ പിതാവിനുവേണ്ടി എല്ലാ ദിവസവും പ്രാർത്ഥിക്കുന്നു.

27. ഒരു വീട്ടിൽ ദിവസംപ്രതി മൂന്നു പേരെങ്കിലും ഒരുമിച്ചു ചേന്നു് ജപമാല ജപിക്കുവാൻ വാഗ്ദാനം ചെയ്യിച്ചു് ഒപ്പു ശേഖരിച്ചു.

28. നിരവധി കുടുംബങ്ങളിൽ അനുദിന കുടുംബജപമാല നടപ്പിലാക്കി.

29. തനിച്ചും കൂട്ടമായും മാതാവിൻെറ ഗ്രോട്ടോകളിലേയ്ക്കും തീർത്ഥസ്ഥലങ്ങളിലേയ്ക്കും സന്ദർശനം നടത്തുവാൻ പലരേയും പ്രേരിപ്പിച്ചു.

30. തിരുസ്സഭാവത്സരത്തിലെ കാലാനുസൃതമായ (മെയ്, ഒക്ടോബർ, നവമ്പർ, ആഗമനം) ഭക്താനുഷ്ഠാനങ്ങളിൽ പലരേയും ഭാഗഭാക്കുകളാക്കി.

31. മെയ്, ഒക്ടോബർ മാസങ്ങളിൽ ഉച്ചയ്ക്ക് ഓരോ ജപമാല ജപിച്ചു.

32. പള്ളിയിലെ മാതാവിൻെറ അൾത്താര ഭംഗിയായി അലങ്കരിച്ചു.

33. ഫാത്തിമാ മാതാവിൻെറ സ്തുതിക്കായി മാസാദ്യശനിയാഴ്ചഭക്തി ആചരിക്കുന്നു.

34. ഫാത്തിമാ ടിക്കററുകൾ വിററു. പണം മേയ്മാസവണക്കത്തിന് ചെലവാക്കി, സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ട കിരീടധാരണത്തോടെ ചടങ്ങുകൾ പര്യവസാനിച്ചു.

35. 22 കുട്ടികൾ തുടർച്ചയായി 30 ദിവസം കൊന്ത ജപിച്ച് അരൂപിയിൽ ഫാത്തിമായാത്ര നടത്തി.

36. അയ്യഞ്ചുപേർ വീതം സെററുകൂടി 5 മാസാദ്യ ശനിയാഴ്ചഭക്തി ആചരിച്ചു.

37. ക്ലോക്ക് അടിക്കുമ്പോഴെല്ലാം ഓരോ സുകൃതജപം ചൊല്ലിക്കൊണ്ട് റഷ്യയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

38. ചെറിയ ചെറിയ ത്യാഗങ്ങളും സുകൃതജപങ്ങളും പരസ്നേഹകൃത്യങ്ങളുംകൊണ്ട് നിറച്ച ഒരു പെട്ടി മാതാവിൻെറ പിറവിത്തിരുനാളിൽ സമ്മാനിച്ചു.

39. മാതാവിൻെറ പടങ്ങൾ പതിച്ച ഒരു ആൽബം ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കു നൽകി.

40. റഷ്യയുടെ മാനസാന്തരത്തിനായി കുടുംബ ജപമാല പ്രചരിപ്പിച്ചു.

41. ഉത്തരീയഭക്തിപ്രചാരകർക്ക് ഉത്തരീയം തയിച്ചുകൊടുത്തു.

42. ഓരോ സഖ്യാംഗവും കര–നാവിക–വ്യോമസേനയിൽപെട്ട ഓരോ സൈനികനെ "ദത്തെ"ടുത്തു. അവർക്കുവേണ്ടി പ്രാർത്ഥി

ക്കയും പത്രമാസികകൾ അയച്ചുകൊടുക്കുകയും ചെയ്യുന്നു.

43. അകത്തോലിക്കാ ഉദ്യോഗസ്ഥന്മാക്ക് മതോപദേശം നൽകുന്ന ഏർപ്പാടിലേയ്ക്കു 142 രൂപ അയച്ചുകൊടുത്തു.

44. കാണ്ണിവൽ ദിവസങ്ങളിൽ മിഷനുവേണ്ടി പിരിവെടുത്തു 2750 രൂപ വിശ്വാസ പ്രചാരക സംഘാദ്ധ്യക്ഷനെ ഏല്പിച്ചു.

45. മത്സരാടിസ്ഥാനത്തിൽ, ഉപയോഗിച്ച സ്റ്റാമ്പുകൾ ശേഖരിച്ചു. കൂടുതൽ കുറവനുസരിച്ചു് ചീഫ്, കേണൽ, ക്യാപ്റ്റൻ, കമാൻറർ എന്നീ ബഹുമതികൾ നല്കപ്പെട്ടു.

46. ഭക്തപടങ്ങൾ ശേഖരിച്ചു് ആൽബം ഉണ്ടാക്കി. കൊന്ത, കാശുരൂപം സംഭരിച്ചു. എല്ലാം മിഷനയച്ചുകൊടുത്തു.

47. അലസജീവിതം നയിച്ചിരുന്ന ചിലരെ വാർഷിക ധ്യാനത്തിൽ സംബന്ധിക്കാൻ പ്രേരിപ്പിച്ചു.

48. പട്ടാള ക്യാമ്പിലേയ്ക്കും ദുർഗ്ഗുണപരിഹാരപാഠശാലകളിലേയ്ക്കും പത്രമാസികകൾ ശേഖരിക്കുന്നതിൽ സഹകരിച്ചു.

49. റെഡ് ക്രോസ് പ്രോജെക്റ്റുകളിൽ പങ്കെടുത്തു.

50. വൃദ്ധമന്ദിരത്തിൽ വിനോദകലാപരിപാടികൾ ഏർപ്പാടുചെയ്തു.

51. കൂട്ടുകാരിൽ ചിലരെ നോമ്പുകാലഭക്താനുഷ്ഠാനങ്ങളിൽ ഭാഗഭാക്കുകളാക്കി.

52. ലോകസമാധാനത്തിനുവേണ്ടി സാമൂഹ്യപ്രാത്ഥന നടത്തി.

53. ഗെവമ്മെൻറ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ വേദോപദേശത്തിനു കൂട്ടിക്കൊണ്ടുവന്നു.

54. പൊതുജനങ്ങൾക്കു് സാധാരണയായി ആവശ്യമുള്ള ഭക്തസാമാനങ്ങൾ വാങ്ങിച്ചു് സെയിൽസ് ഡെപ്പോ സ്ഥാപിച്ചു് നടത്തുന്നു.

55. ദേവാലയത്തിൽ നിത്യോപയോഗത്തിനു് ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കൊടുത്തു.

56. സ്കൂളിന്റേയും പള്ളിയുടേയും പരിസരങ്ങൾ ശുചിയാക്കുന്നതിൽ പങ്കെടുത്തു.

57. ഒരു സ്വദേശ നീഗ്രോ മിഷൻ ദത്തെടുത്തു. a) പൊതു പ്രാർത്ഥനകാർഡ് ഉണ്ടാക്കി; b) വൈദികൾക്ക് പ്രാർത്ഥനാമഞ്ജരി അയച്ചു; c) കുർബ്ബാനധർമ്മം, മരുന്ന്, കളിസാമാനം, വസ്ത്രം, കത്തോലിക്കാ പ്രസിദ്ധീകരണം എന്നിവ തുടർച്ചയായി അയച്ചുകൊടുക്കുന്നു.

58. അംഗവിഹീനരായ ശിശുക്കളുടെ ആതുരശാലകളിലേയ്ക്ക് കളിക്കോപ്പുകളും പാവകളും സമ്മാനിച്ചു.

59. അനാഥബാലകേന്ദ്രങ്ങൾ സന്ദർശിച്ച് കഥകൾ വായിച്ചു കേൾപ്പിച്ചും സംഗീത_നൃത്തപരിപാടികൾ നടത്തിയും അവരെ സന്തുഷ്ടരാക്കി.

60. ക്ലാസ്സുമുറിയിൽ ഈശോയുടേയും മാതാവിന്റേയും രൂപങ്ങൾ സ്ഥാപിച്ചു.

61. മുറിവേററ് ആശുപത്രിയിൽ കിടക്കുന്ന പട്ടാളക്കാർക്ക് സമ്മാനങ്ങൾ നിറച്ച 200 സ്റ്റോക്കിങ്ങ്സ് കൊടുത്തു. "ലിററിൽ സിസ്റ്റേഴ്സ് ഓഫ് ദി പൂവർ'' എന്ന സന്യാസിനികൾക്ക് ഉയിർപ്പു സമ്മാനക്കൊട്ടകൾ നൽകി.

62. അത്യാവശ്യമല്ലാത്ത ചെലവുകൾ ചുരുക്കി കിട്ടിയ പണം രൂപതയിലെ ഒരു പാവപ്പെട്ട മിഷനു കൊടുത്തു.

63. സ്വദേശ മിഷനുവേണ്ടി പിരിവെടുത്ത് ടെക്സാസ് സംസ്ഥാനത്ത് നീഗ്രോ കുട്ടികൾക്കായി ഒരു സ്കൂൾ പണിതീർത്തു.

64. മധുരപലഹാരങ്ങൾ വിററു കിട്ടിയ ലാഭം സൊഡാലിററി കേന്ദ്രത്തിന്റെ കെട്ടിടപ്പണിക്കു നൽകി.

65. ഒരു വിദേശമിഷൻ ദത്തെടുത്തു.

66. രണ്ടു വലിയ പാർസൽ തുണി ഇൻഡ്യയിലെ ഒരു മിഷനു് അയച്ചുകൊടുത്തു.

67. ഓരോ സഖ്യാംഗവും അന്യമതസ്ഥരായ ഓരോ പരിത്യക്തശിശുവിന്റെ സംരക്ഷണഭാരം ഏറെറടുത്തു.

68. ബ്രസീലിലെ ഒരു മിഷനറിയെ പ്രാർത്ഥന, ത്യാഗം എന്നിവയാൽ സഹായിക്കുന്നു.

69. ആഫ്രിക്കയിലെ ഒരു മിഷനറി ആവശ്യപ്പെടുന്ന സാധനങ്ങൾ നൽകിയും എഴുത്തുകൾ അയച്ചും വരുന്നു.

70. ബന്ധുമിത്രാദികളുടെ ഇടയിൽ ഒരു ഭാഗ്യക്കുറി നടത്തി കിട്ടിയ പണം യൂറോപ്പിലെ ദുരിതനിവാരണഫണ്ടിലേയ്ക്കു് സംഭാവനചെയ്തു.

71. നോമ്പുകാലപ്പിരിവു് രൂപതയിലെ ദുരിതനിവാരണഫണ്ടിലേയ്ക്കു് സംഭാവനചെയ്തു.

72. 'തിരുഹൃദയ ദൂതൻ' മാസിക പ്രചരിപ്പിച്ചു. ഒരു ഗ്രൂപ്പുകാർ 35 വീടുകളിൽനിന്നും വരിസംഖ്യ പിരിച്ചു.

73. കത്തോലിക്കാ മാസികകൾക്കു് വരിക്കാരെ ചേർക്കുന്നതിൽ സഹകരിച്ചു.

74. Our Sunday Visitor (വാരിക) ദേവാലയവാതില്ക്കൽ വില്പന നടത്തി.

75. 'ലീജിയൻ ഓഫ് ഡീസൻസി'ക്കാരോടു് സഹകരിച്ചു.

76. കത്തോലിക്കാ ബാലഗ്രന്ഥക്ലബ്ബിൽ അംഗങ്ങളായി.

77. ഏററം പൂർവ്വികത്വമുള്ള കുടിയേററക്കാരെ ചെന്നു കണ്ടു് ഇടവകയുടെ സ്ഥാപനം, വളർച്ച എന്നിവ പഠിച്ചു.

78. സ്കൂൾ ഗ്രന്ഥശാലയിലേയ്ക്കു് കത്തോലിക്കാ ഗ്രന്ഥങ്ങൾ വാങ്ങി കൊടുക്കുകയും മാസികകൾക്കു് വരിസംഖ്യ നൽകുകയും ചെയ്തു.

79. നാഷനൽ പോസ്റ്റർ മത്സരത്തിൽ പങ്കെടുത്തു.

80. സൊഡാലിററി മീററിങ്ങുകളിൽ ചെറിയ പ്രഹസനങ്ങളും സംഭാഷണങ്ങളും എഴുതി അഭിനയിച്ചു.

81. സൊഡാലിററിപ്രസിദ്ധീകരണത്തിലേയ്ക്കു് വാർത്താശേഖരണം നടത്തി.

82. സൊഡാലിററികൾ തമ്മിൽ പ്രസിദ്ധീകരണകൈമാററം ഏർപ്പാടുചെയ്തു.

83. സഖ്യാംഗങ്ങളുടെ വീടുകളിൽ വരുത്തുന്ന പത്രമാസികകളുടെ ഒരു പൊതു സർവ്വെ നടത്തി.

84. വീടുകൾതോറും കയറി, വായിച്ചുതള്ളിയ വർത്തമാനപ്പത്രങ്ങൾ ശേഖരിച്ചു; വിററു കിട്ടിയ പണംകൊണ്ടു ക്ലാസ്സുകളിലേയ്ക്കു മതഗ്രന്ഥങ്ങൾ വാങ്ങിച്ചു.

85. ബസ്സ്സ്റ്റാൻറ്, റെയിൽവേ സ്റ്റേഷൻ, പോസ്റ്റ് ആപ്പീസ്, യുവജനകേന്ദ്രങ്ങൾ ആദിയായിടങ്ങളിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വിതരണംചെയ്തു.

86. വായന കഴിഞ്ഞ "യങ്ങ് കാത്തലിക് മെസഞ്ചർ", "കാത്തലിക് കോമിക്ക്" എന്നിവ സർക്കാർ സ്കൂളിലെ കുട്ടികൾക്ക് നല്കി.

87. കത്തോലിക്കാഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചു.

88. കൈവശം ഉണ്ടായിരുന്ന ചീത്ത പുസ്തകങ്ങൾ എല്ലാം കൊണ്ടുവന്ന് പരസ്യമായി അഗ്നിയിൽ ദഹിപ്പിച്ചു. മേലിൽ ഒരാളും അത്തരം പുസ്തകങ്ങൾ വായിക്കയില്ലെന്ന് പ്രതിജ്ഞചെയ്തു.

89. അനുദിനജീവിതം സംബന്ധിച്ച് 34-ാം നിയമം അനുസ്മരിപ്പിക്കുന്നതിനായി പടങ്ങളും പോസ്റ്ററുകളും വരച്ച് പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചു.

90. 34-ാം നിയമം അധികരിച്ച് സ്റ്റഡിക്ലാസ്സ് നടത്തി.

91. പൊതുവിശ്രമസ്ഥലങ്ങളിൽ ചീത്ത വാക്കുകൾ ഉപയോഗിക്കുന്നവരെ ബഹിഷ്കരിക്കാൻ ഒരു കമ്മിററി രൂപീകരിച്ചു.

92. സൊഡാലിററി സമ്മേളനങ്ങളെപ്പററി അറിവു നൽകുന്നതിനായി സംഭാഷണങ്ങൾ എഴുതിയുണ്ടാക്കി അഭിനയിച്ചു. വരണ്ട പ്രസംഗങ്ങളെക്കാൾ അവ വളരെ സരസവും വിജ്ഞാനപ്രദവും ആയിരുന്നു.

93. മാസംതോറും സാഹിത്യസമാജങ്ങളിൽ പ്രഹസനം, സംഭാഷണം, വാദപ്രതിവാദം എന്നിവ നടത്തുന്നു.

94. ജപമാലയും ത്യാഗങ്ങളും വഴിയായി മാനസാന്തരപ്പെട്ട ഒരു കത്തോലിക്കൻെറ ചരിത്രം അഭിനയിച്ചു.

95. ഒരു പൊതുസമ്മേളനത്തിൽ "ഫാററിമാദർശനം" ഡ്രാമയായി കളിച്ചു.

96. ഒരു "ടാലൻറ് പ്രോഗ്രാമും" പ്രകടപ്രസംഗമത്സരവും നടത്തി.

97. ദിവ്യകാരുണ്യസന്നിധിയിലെ ആചാരങ്ങൾ, മരിയാനുകരണം എന്നിവ ആസ്പദമാക്കി ഏകാങ്കങ്ങൾ അഭിനയിച്ചു.

98. സൊഡാലിററി മാസികയ്ക്കു് 100 ശതമാനം കുട്ടികളും വരിക്കാരായി ചേർന്നു.

99. ലഘുലേഖകകളും ചെറുഗ്രന്ഥങ്ങളും വില്പന നടത്തി.

100. കത്തോലിക്കാ പത്രമാസികകൾ ആശുപത്രികളിൽ വിതരണംചെയ്തു.

# 14. കമ്മിററികൾ

ജൂനിയർ സൊഡാലിററിയിൽ പ്രത്യേക വിഭാഗങ്ങൾ ആവശ്യമുണ്ടോ ഇല്ലയോ എന്നു് തീരുമാനിക്കുന്നതിനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം മോഡറേററർക്കുണ്ടു്. നിയമപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ മാത്രം നിയമിച്ചുകൊണ്ടു് സഖ്യതയെ മുഴുവനും ഒന്നിച്ചു് നയിക്കാം. മറിച്ചു്, സൗകര്യം തോന്നുന്നെങ്കിൽ, കുട്ടികളെ പല ഗ്രൂപ്പുകളായി തിരിച്ചു് ജോലികൾ വിഭജിക്കാവുന്നതാണു്.

സഖ്യതയുടെ 18-ാം നിയമം അനുശാസിക്കുന്നു: സഖ്യതാപ്രവർത്തനങ്ങൾ "വിജയപ്രദമായി നിർവ്വഹിക്കുന്നതിനു് സഖ്യത്തിൻെറ അംഗസംഖ്യയും സ്വഭാവവും അനുവദിക്കുമെങ്കിൽ, അംഗങ്ങളെ പല വിഭാഗങ്ങളായി തിരിക്കുന്നതു് നന്നായിരിക്കും." ഓരോ വിഭാഗക്കാരെ പ്രത്യേക ജോലി ഏല്പിക്കുന്നതു് തീർച്ചയായും കാര്യക്ഷമതയ്ക്കു് കൂടുതൽ സഹായകമാകും. ഇങ്ങനെയുള്ള വിഭാഗങ്ങൾക്കാണു് കമ്മിററികൾ എന്നു പറയുന്നതു്. പ്രായോഗികമാക്കാനുള്ളതെല്ലാം ഈ ഗ്രൂപ്പുകൾവഴി ആകാവുന്നതാണു്. കാലദേ

ശാന്തസ്വതം ആവിർഭവിക്കുന്ന പ്രശ്നങ്ങൾക്കെല്ലാം ഈ കമ്മിററിക്കാർ വഴി പ്രതിവിധികൾ കണ്ടെത്തുകയും ചെയ്യാം.

18_ാം നിയമത്തിൽ പറയപ്പെടുന്ന കേന്ദ്രകമ്മിററിക്കാരു് സെക്ഷൻ കമ്മിററി ലീഡേഴ്സും സഖ്യതാഭരണം കോർത്തിണക്കി വർത്തിക്കുന്നു.

**കമ്മിററികൾ**

*കേന്ദ്രകമ്മിററി*

- പ്രീഫെക്ട്
- അസി. പ്രീഫെക്ട്
- സെക്രട്ടറി
- ഖജാൻജി
- നിയമോപദേഷ്ടാവ്

*സെക്ഷൻ കമ്മിററികൾ*

- ദിവ്യകാരുണ്യഭക്തി
- ദൈവമാതൃഭക്തി
- സാഹിത്യസമാജങ്ങൾ
- മിഷൻ പ്രവർത്തനം
- പ്രസിദ്ധീകരണങ്ങൾ
- കായികമത്സരങ്ങൾ
- സാമൂഹ്യസേവനം
- കലോത്സവങ്ങൾ

സെക്ഷൻ കമ്മിററികൾക്കോരോന്നിനും അതതിന്റെ പ്രവർത്തനലക്ഷ്യത്തിൽനിന്നു് പേരുകൾ സിദ്ധിക്കുന്നു. ഓരോ സെക്ഷനും സ്വന്തം ലീഡർ, സെക്രട്ടറി, ഖജാൻജി എന്നിവരുണ്ടാകാം.

**സെക്ഷൻ രൂപീകരിച്ചാലുണ്ടാകുന്ന ഗുണങ്ങൾ**

1. നിരവധിയായ സഖ്യതാപ്രവർത്തനങ്ങൾ വിഭജിക്കപ്പെടുകയും മിക്കവാറും എല്ലാ അംഗങ്ങൾക്കും വ്യക്തമായ പ്രവർത്തനരംഗം സിദ്ധിക്കുകയും ചെയ്യുന്നു.

2. ഏല്പിക്കപ്പെടുന്ന ജോലികളിൽ കുട്ടികൾക്കു് അഭിമാനവും ചുമതലാബോധവും വളരുന്നു.

3. മോഡറേറററിനു് ധാരാളം സഹപ്രവർത്തകരെ ലഭിക്കുന്നു.

4. സ്വന്ത അധികാരം നഷ്ടപ്പെടാതെ മററുള്ളവരുമായി യോജിച്ചു പ്രവർത്തിക്കുവാൻ സാധിക്കുന്നു.

5. അധികാരത്തിലിരിക്കുന്ന മററ വ്യക്തികളുമായി സഹക

രിച്ച് സ്കൂളിൽ അഥവാ ഇടവകയിൽ കത്തോലിക്കാ അന്തരീക്ഷം പുലർത്താൻ കഴിയുന്നു.

## സെക്ഷൻ കമ്മിററികളുടെ പ്രവർത്തനം

**1. ദിവ്യകാരുണ്യഭക്തി**

ഈശോയുടെ തിരുഹൃദയത്തിൻേറയും ദിവ്യകാരുണ്യനാഥനായ ഈശോയുടേയും നേരെയുള്ള ഭക്തിയിൽ സഖ്യാംഗങ്ങൾ പ്രശോഭിക്കുവാൻ ഇവർ ശ്രമിക്കുന്നു.

**2. ദൈവമാതൃഭക്തി**

തങ്ങളുടെ രാജ്ഞിയും മദ്ധ്യസ്ഥയും, സർവ്വോപരി, മാതാവുമായ മറിയത്തിൻെറ നേരെ പുത്രനിർവ്വിശേഷമായ സ്നേഹത്തിൽ തങ്ങളും ഇതരരും പുരോഗമിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് പ്രയോഗിക്കുകയാണ് ഇവരുടെ കർത്തവ്യം.

**3. സാഹിത്യശ്രമങ്ങൾ**

മഹാ ജലപ്രളയംപോലെ വിനാശകരമായ, വഷളായ സാഹിത്യകൃതികളാൽ മനുഷ്യ മനസ്സിനെ മലീമസമാക്കികൊണ്ടിരിക്കുന്ന ഇക്കാലസന്ധിയിൽ നിർമ്മലവും, ആസ്വാദ്യകരവും കുട്ടികളുടെ അഭിരുചിക്കൊത്തിണങ്ങിയതുമായ കത്തോലിക്കാഗ്രന്ഥങ്ങൾ കൊണ്ട് സഖ്യാംഗങ്ങളേയും അവരുടെ കുടുംബങ്ങളേയും അനുഗ്രഹിക്കുന്നതു് ഇവരുടെ പരിപാടിയിൽ പെടുന്നു.

**4. മിഷൻ പ്രവർത്തനം**

സ്വദേശത്തും വിദേശത്തും ഉള്ള മിഷനറിമാരെ 'ദത്തെ'ടുത്തു പ്രാർത്ഥന, ത്യാഗം, ധനം എന്നിവകൊണ്ട് സഹായിക്കുകയും മററുള്ളവരിൽനിന്ന് ഇവർക്കായി സഹായം തേടുകയും ആണ് ഇക്കൂട്ടരുടെ പ്രവർത്തനം.

**5. പ്രസിദ്ധീകരണങ്ങൾ**

സ്കൂളിലും ദേവാലയത്തിലും പുറമേയും സഖ്യതാപ്രവർത്തന പരിപാടികളെപ്പററിയുള്ള പരസ്യങ്ങൾ, കൊടികൾ, പ്ലാക്കാർഡു

കൾ, വാൾപോസ്റ്റർ എന്നിവ വഴിയായി യഥാസമയം പൊതുജനങ്ങൾക്ക് അറിവു നൽകുന്നതു് ഇവരാണ്. രചനയും ചിത്രംവരയും പരിചയമുള്ളവൎക്കു് ധാരാളം അവസരങ്ങൾ ഈ രംഗത്തു് ലഭിക്കുന്നു.

6. സോഷ്യൽ കമ്മിററി

വിനോദ_വിശ്രമ_കലാസേവനങ്ങൾ ഇവർ നടത്തുന്നു. ഷോടതി സംഭാവന വഴിയായി സമ്മാനദാനങ്ങൾക്കുള്ള ഉപാധികൾ കണ്ടെത്തുന്നു.

## സെക്ഷൻ കമ്മിററി മീററിങ്ങ്

പ്രത്യേക പ്രവൎത്തകൎക്കു് തനിച്ചു് സമ്മേളനം നടത്താവുന്നതാണ്. തീരെ ചെറിയ കുട്ടികളാണെങ്കിൽ അവർ തനിച്ചു് മീററിങ്ങ് നടത്തിയെന്നു വരുന്നതല്ല. തത്സമയം അവരുടെ കൂട്ടത്തിൽ ചെന്നു് അവൎക്കു വേണ്ട വിശദീകരണങ്ങൾ കൊടുക്കണം.

## കേന്ദ്രകമ്മിററി മീററിങ്ങ്

മോഡറേററർ അഥവാ പ്രീഫെക്ടു് കേന്ദ്രകമ്മിററി മീററിങ്ങിൽ അദ്ധ്യക്ഷത വഹിക്കുന്നു. സെക്ഷൻ കമ്മററിക്കാരുടെ മീററിങ്ങ് സൂപ്പർവൈസുചെയ്യുക, അവരുടെ റിപ്പോർട്ടുകൾ പഠിക്കുക, ഡയറക്ടറുടേയും മോഡറേററരുടേയും നിർദ്ദേശാഭിലാഷങ്ങൾ ആരായുക ഇവയെല്ലാമാണ് കേന്ദ്രക്കമ്മിററിയംഗങ്ങളുടെ ഏതാനും ചുമതലകൾ. സെക്ഷൻ കമ്മിററി മീററിങ്ങിൻെറ കാൎയ്യത്തിൽ പറഞ്ഞതുപോലെ അംഗങ്ങളുടെ പ്രായം, മാനസികവികാസം, ചിന്താശക്തി, തീക്ഷ്ണത എന്നിവകളെ ആശ്രയിച്ചിരിക്കും ഈ സമ്മേളനത്തിൻേറയും കാൎയ്യക്ഷമത. എന്നിരുന്നാലും കേന്ദ്രകമ്മിററിയംഗങ്ങൾ വെറും 'ബാഹ്യമാന്യ'രായിരുന്നാൽ പോരാ. സഖ്യതാഭിവൃദ്ധിക്കുള്ള വിവിധ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു പ്രാവൎത്തികമാക്കാൻ ശ്രമിക്കുന്നവരാകണം. പൊതുസമ്മേളനങ്ങളിൽ അനുഷ്ഠിക്കാനുള്ള ചുമതലകളും ഈ മീററിങ്ങിൽവെച്ചു് പഠിക്കാവുന്നതാണ്.

## 15. ജൂനിയർ സൊഡാലിററി യൂണിയൻ

ചില സ്ഥലങ്ങളിൽ രൂപീകരിക്കപ്പെട്ട ജൂനിയർ സൊഡാലിററി യൂണിയൻ സഖ്യൃതാപ്രവത്തനത്തിനു് ഒരു നവചൈതന്യം പ്രദാനംചെയ്തിട്ടുണ്ടു്. സ്ഥലപരിമിതി കാരണം ചുരുങ്ങിയ ഒരു വിവരണം നൽകുവാനേ ഇവിടെ സാധിക്കുകയുള്ളു.

"സിസ്റ്റേഴ്സ്-സേർവെൻറ്സ് ഓഫ് ദി ഇമ്മാക്കുലേററ് ഹാർട്ട് ഓഫ് മേരി" (Sisters,-servants of the Immaculate Heart of Mary) എന്ന സന്യാസിനികൾ ഇത്തരം പല യൂണിയനുകൾ നടത്തുന്നുണ്ടു്. ഇവയിൽ ഒന്നാണു് ഡിട്രോയിററ് നഗരത്തിലും പരിസരങ്ങളിലും ഉള്ള ശാഖകളെല്ലാം ഉൾപ്പെടുത്തിയുള്ളതു്. പ്രതിവാരം ഓരോ സഖ്യൃതയും വെവ്വേറെ നടത്തുന്ന മീററിങ്ങുകൾക്കു പുറമെ മാസംതോറും രണ്ടു ശനിയാഴ്ച എല്ലാ ശാഖകളിലേയും പ്രതിനിധികൾ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒരു സ്ഥലത്തു് സമ്മേളിക്കുന്നു.

വിഷയവിവരം നൽകിക്കൊണ്ടുള്ള പ്രിഫെക്ടിൻെറ സമ്മേളനോൽഘാടനമാണു് ആദ്യത്തെ ചടങ്ങു്. മുൻകൂട്ടി തയ്യാറായിട്ടുള്ള പ്രസംഗകർ ഓരോരുത്തരായി വിഷയത്തിൻെറ വിവിധ വശങ്ങൾ നിദാനമാക്കി പ്രസംഗിക്കുന്നു. ഇതിനുശേഷം വ്യത്യസ്ത ശാഖകളിൽനിന്നു് ഒമ്പതുപേർ വീതം ഗ്രൂപ്പുകളായി തിരിയുന്നു. ഓരോന്നിനും അതതിൻെറ ലീഡറും സെക്രട്ടറിയും ഉണ്ടായിരിക്കും. പൊതുമീററിങ്ങിൽ വിശദീകരിച്ച വിഷയങ്ങളെ ആസ്പദമാക്കി ഈ ചെറുസംഘങ്ങൾ ചച്ച നടത്തും. (സെക്രട്ടറി റിപ്പോർട്ടു കുറിക്കുന്നു.) ചച്ചയ്ക്കുള്ള സമയം കഴിയുമ്പോൾ എല്ലാവരും പൂവ്വസ്ഥാനത്തു് ഒരുമിച്ചു കൂടുന്നു. ഗ്രൂപ്പ് സെക്രട്ടറിമാർ റിപ്പോർട്ടു സമർപ്പിക്കുന്നു. കുറെ സമയം കൂടി അഭിപ്രായപ്രകടനത്തിനു് അനുവദിക്കപ്പെടുന്നു.

യൂണിയൻ സമ്മേളനങ്ങളിൽനിന്നു പഠിക്കുന്ന കാര്യങ്ങൾ ഓരോ പ്രതിനിധിയും സ്വന്തസഖ്യൃതയിൽ അറിയിക്കുകയും അവി

ടെ പ്രായോഗികമാക്കുകയും ചെയ്യുന്നു. പ്രയോഗത്തിൽ അനുഭവപ്പെടുന്ന അനുകൂല—പ്രതികൂലസാഹചര്യങ്ങളും ജയാപജയങ്ങളും അടുത്ത യൂണിയൻ മീററിങ്ങിൽ അറിയിക്കുകയും പ്രതിവിധികൾ ആരായുകയും ചെയ്യുന്നു.

മേൽവിവരിച്ച പ്ലാൻ പ്രസ്തുത സന്യാസിനികളുടെ സഭാനാമത്തോട് (Immaculate Heart of Mary) ബന്ധപ്പെടുത്തിക്കൊണ്ട് "I. H. M." പ്ലാൻ എന്നു വിളിക്കപ്പെടുന്നു. യൂണിയൻ മീററിങ്ങ് നിയമാനുസൃതമാണെന്നുള്ളതിനു പുറമെ, ഇതുവഴിയായി കുട്ടികളുടെ പൊതുജീവിതത്തിൽ അത്ഭുതകരമായ ഒരു പരിവർത്തനം കൈവരുന്നുണ്ടെന്ന വസ്തുതയും രേഖപ്പെടുത്താൻ സന്തോഷമുണ്ട്. പഠനസംബന്ധമായ ഗൃഹജോലികൾ (Home work) സ്കൂളിൽ വന്നശേഷം മററുള്ളവരുടെ പുസ്തകം നോക്കി പകർത്തിയെടുക്കുന്ന ദുശ്ശീലം കുട്ടികൾക്കുണ്ട്. "എന്തുകൊണ്ടാണ് അങ്ങനെ ചെയ്യുതു?" എന്നു ചോദിച്ചാൽ പറയുന്നതു്: "അവരൊക്കെ ചെയ്തു. അപ്പൊ ഞാനും ചെയ്തു" എന്നായിരിക്കും. ഇത്തരം മുടന്തൻ ന്യായങ്ങളുടെ മറ പിടിച്ചു് വളരുന്ന ഇതും ഇതുപോലുള്ള മററനവധി ദുശ്ശീലങ്ങളും കുട്ടികളുടെ ജീവിതത്തിൽനിന്നു് നിർമ്മാർജ്ജനം ചെയ്യുവാൻ മുകളിൽ പറഞ്ഞ തരത്തിലുള്ള ചർച്ചകളും പ്രതിജ്ഞകളും വളരെ പ്രയോജകീഭവിക്കുന്നുണ്ട്.

മനുഷ്യരാശിയുടെ ശ്രേയസ്കരമായ ഭാവിക്കായി തറപ്പണി നടത്തുന്ന ബാല്യകാലം സത്യസന്ധത, കൃത്യനിഷ്ഠ, ആത്മാഭിമാനം എന്നിവയാൽ അലംകൃതമാകണം. പ്രായം ചെന്നവർക്ക് പലപ്പോഴും പ്രവേശനം സിദ്ധിക്കാത്ത രംഗങ്ങളിൽ ഭവിക്കുന്ന വൈകല്യങ്ങൾക്ക് കുട്ടികൾതന്നെ പ്രതിവിധി കല്പിക്കുന്നു. മാമ്മോദീസ, സ്ഥൈര്യലേപനം, ദിവ്യകാരുണ്യം മുതലായ കൂദാശകളാൽ അനുഗൃഹീതരായ കുട്ടികൾ എത്ര നിർമ്മലജീവിതം കഴിക്കണമെന്നും ഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ശോഭനാവയവങ്ങൾ കൂടി ആയിത്തീരുന്നു അവർ.

# ഐ. എച്ച്. എം. മീററിങ്ങ് പരിപാടി

1. പ്രാരംഭപ്രാത്ഥന.

10 മിനിററ് 2. നിയമജ്ഞാന പരിശോധന.

a) പ്രഭാതജപങ്ങൾ, ധ്യാനം, ദിവ്യബലി, ജപമാല, ആത്മശോധന, രാത്രിജപങ്ങൾ.

b) മററുള്ളവരിൽ ഈശോയെ ദശിച്ച് അവരിൽ ഈശോയെ ശുശ്രൂഷിക്കുക.

15 മിനിററ് 3. സ്വായപരിശീലനം.

a) ജ്ഞാനവായനയിൽനിന്നുള്ള ഫലം എങ്ങനെ പ്രായോഗികമാക്കുന്നു?

b) സുവിശേഷം അഥവാ ആരാധനക്രമം സംബന്ധിച്ചുള്ള ചർച്ച.

c) ഉദ്ധരണി വിശദനം.

d) സഖ്യതാ ജീവിതമാറ്റം (ആദ്ധ്യാത്മികജീവിതം സംബന്ധിച്ചുള്ളവയിൽ ഒന്നുമാത്രം ഒരു മീററിങ്ങിൽ ചച്ച ചെയ്താൽ മതി).

10 മിനിററ് 4. പ്രേഷിതപ്രവത്തനം സംബന്ധിച്ച് ചച്ച ചെയ്ത മുൻമീററിങ്ങിൻെറ വിശദമായ റിപ്പോർട്ട്—പദ്ധതികൾ എങ്ങനെ പ്രയോഗിച്ചു എന്നുള്ള വിവരങ്ങളോടുകൂടി— അവതരിപ്പിക്കുന്നു.

20 മിനിററ് 5. ചർച്ചായോഗം.

5 മിനിററ് 6. പ്രേഷിതപ്രവത്തനരംഗനിണ്ണയം.

7. സമാപനപ്രാർത്ഥനകൾ

# Sodality Publications

| | | |
|---|---|---|
| 1. | The Director | 0—70 |
| 2. | സൊഡാലിററിയുടെ ഏ ബി സി | 0—35 |
| 3. | A Sodality Plan | 0—30 |
| 4. | മരിയാസഖ്യ ചരിത്രം | 0—30 |
| 5. | Sodality of our Lady: How It Operates | 0—35 |
| 6. | സൊഡാലിററി മാനുവൽ | 0—35 |
| 7. | മരിയാസഖ്യ പ്രവേശനത്തിനു മുമ്പ് | 0—10 |
| 8. | സഖ്യാംഗധ്യാനസഖി | 0—06 |
| 9. | മരിയാസഖ്യങ്ങളുടെ ആദർശങ്ങളും മാതൃകകളും | 0—15 |
| 10. | ജൂനിയർ സൊഡാലിററി ഗൈഡ് | 0—35 |


ആവശ്യപ്പെടുക:—

R. KALLINGAL,

P. O. THALORE, OLLUR.

*Any financial profit from the sale of these book-lets will be used for the advancement of Sodality Movement.*

# ജൂനിയർ സൊഡാലിററി ഗൈഡ്

R. Kallingal

K10
J87

K10
J87

Indic Digital Archive Foundation
gpura.org